# ശാംഭവി

ത്രൈമാസിക

പുസ്തകം 8 | ജനുവരി – മാർച്ച് 2019 | ലക്കം 1



# പത്രാധിപക്കുറിപ്പ്

എന്താണ് കർത്തവ്യം, എന്തു ചെയ്യുകയാണ് ശരി, എന്താണ് രാജ്യസ്നേഹം, എന്തു ചെയ്താൽ രാജ്യദ്രോഹമാകും, എന്തു ചെയ്താൽ വിവേചനരഹിതമാകും, എന്തു ചെയ്താൽ വിവേചനമാകും ഇത്യാദിയുള്ള സംശയങ്ങളും മറ്റും സാമ്പത്തികമായും സാംസ്കാരികമായുമുള്ള മധ്യജനതയിൽ നിലനിൽക്കുന്നു.

ഇതിൽ മതത്തെ അതിന്റെ അന്തഃസത്ത മനസ്സിലാക്കാതെ കരുവാക്കുന്നു. Religion എന്ന പാശ്ചാത്യപരമായും etymology യുടെ അർത്ഥത്തിലും മതത്തെ എടുത്താൽ അത് ഭാരതത്തിൽ വിവേചന വിവാദത്തിന് വിധേയമാകാം. കാരണം to bind up the society എന്ന കേവലാർത്ഥത്തിൽ ഏതെങ്കിലും ഒരു ദൈവത്തിന്റെ മാത്രം വിശ്വാസത്തിൽ അധിഷ്ഠിതമായി പോകുന്ന മതം എന്നത്. എന്നാൽ വ്യക്ത്യധിഷ്ഠിതമായി ആദ്ധ്യാത്മികവും ഭൗതികവുമായ ഒരു വ്യക്തിയുടെ പൂർണ്ണതയുടെ പ്രകടീകരണത്തിന് മനുഷ്യരെല്ലാം എല്ലാംകൊണ്ടും അനുപമരാണെന്ന കാഴ്ചപാടിൽ ഉടലെടുത്ത വ്യത്യസ്തമായ ബഹുദേവതാരാധനയുടെയും ദേവതാരഹിതമായ യോഗാദി പരിശീലനങ്ങളുടെയും അടിസ്ഥാനത്തിലുള്ള അസംഘടിതമായ സാംസ്കാരിക മുന്നേറ്റത്തെ മതമെന്ന് വിളിക്കാമെങ്കിലത് ആദ്യം അത് പരിശീലിക്കുന്ന വ്യക്തിക്കും തദ്വാരാ രാജ്യത്തിനും തദ്വാരാ ലോകത്തിനും ശ്രേയസ്സും പ്രേയസ്സും നൽകുകയും കർത്തവ്യനിർവ്വഹണത്തിന് കരുത്തേകുകയും ചെയ്യും. മാത്രമല്ല, അത് മാനവികതയുടെ മൂർത്തിമത് രൂപമാണ്. ഈ സാംസ്കൃതികമൂല്യങ്ങൾ നിറഞ്ഞതായ മതം ഈശ്വരൻ, മനുഷ്യൻ എന്ന രണ്ട് അസ്തിത്വമില്ല, പകരം നാം ഓരോരുത്തരും മനുഷ്യവേഷം കെട്ടിയ പൂർണ്ണതയുടെ പ്രതീകങ്ങളായ ഈശ്വരന്മാരാണ് എന്ന സത്യത്തിന്റെ അനുഭവമുണ്ടാക്കിത്തരുന്നു. ഇവിടെ രാജ്യത്തിനും ലോകത്തിനും പരോക്ഷമായി ഗുണകരമാകും എന്ന് മാത്രമല്ല വ്യക്തിയുടെ പൂർണ്ണവളർച്ചയ്ക്ക് ഈ അർത്ഥത്തിലുള്ള മതം ഉതകുന്നു. കൂടാതെ മനുഷ്യനെ വേർതിരിക്കുന്ന എല്ലാ മതിലുകളും പൊളിഞ്ഞുവീഴുകയും മനുഷ്യർ അനുപമർ എന്ന കാഴ്ചപാടിൽ മനുഷ്യന് വഴികാട്ടിയാവുകയും ചെയ്യും മതം.

പുസ്തകം 8 ലക്കം 1
ജനുവരി - മാർച്ച് 2019

വരിസംഖ്യ സൗജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. രുദ്രാർദ്ധസാരസ്തവഃ

2

2. സംസ്കൃതപഠനം (37)

3

3. ഭഗവദ്ഗീതാ - ഒരു പുനർവായന (17)

12

4. ലളിതാസഹസ്രനാമം (27)

16

5. ശിവസ്തോത്രാവലി (5)

20

6. ഔഷധസസ്യങ്ങൾ (24)
ആര്യവേപ്പ്

24

7. കുട്ടികളുടെ വാല്മീകിരാമായണം (18)

25

8. ദുർഗ്ഗാചന്ദ്രകലാസ്തുതിഃ (3)

27

9. കാശ്മീര ശൈവസമ്പ്രദായം (6)

28

10 പരമാർത്ഥസാരം (5)

30

# രുദ്രാർഥസാരസ്തവഃ

സമ്പാദക : അപർണ്ണാദേവി എ.

*57. യേ വൃക്ഷേഷു വിലോഹിതാഃ സിതഗളാഃ സസ്പിഞ്ജരാഃ സംസ്ഥിതാ
രുദ്രാഃ കിഞ്ച ഗണാധിപാ വിശിഖിനോ ഭാസ്വജ്ജടാധാരിണഃ
തേഷാം ദൂരതരേ ധനൂംഷ്യവതതജ്യാകാനി തിഷ്ഠന്ത്വിതി
പ്രായേണ സ്തവനപ്രണാമകരണൈഃ സംപ്രാർഥയാമോ വയം.*

*58. അന്നം ഭക്ഷയതോ ജനാൻ ബഹുവിധം വിധ്യന്തി രുദ്രാശ്ച നഃ
ക്ഷീരാദീൻ പിബതഃ സമസ്തപുരുഷാൻ വിധ്യന്തി രുദ്രാശ്ച യേ
തേഷാം ദൂരതരേ ധനൂംഷ്യവതതജ്യാകാനി തിഷ്ഠന്ത്വിതി
പ്രായേണ സ്തവനപ്രണാമകരണൈഃ സംപ്രാർഥയാമോ വയം.*

*59. സത്പാത്രേഷു ദിദിത്സവോ/ന്നമപരേ രുദ്രാഃ പഥാം രക്ഷകാഃ
ശൂരോ യേ സൃകമുദ്വഹന്തി ച പരേ ഖഡ്ഗായുധം ചേതരേ
തേഷാം ദൂരതരേ ധനൂംഷ്യവതതജ്യാകാനി തിഷ്ഠന്ത്വിതി
പ്രായേണ സ്തവനപ്രണാമകരണൈഃ സംപ്രാർഥയാമോ വയം*

*60. യേ പൂർവോക്തഗുണാന്വിതാ ദശദിശി വ്യാപ്യ സ്ഥിതാഃ സംഘശോ
രുദ്രാഃ കോടിസഹസ്രശോ ഭുവി ച യേ തിഷ്ഠന്ത്യസംഖ്യാശ്ച യേ
തേഷാം ദൂരതരേ ധനൂംഷ്യവതതജ്യാകാനി തിഷ്ഠന്ത്വിതി
പ്രായേണ സ്തവനപ്രണാമകരണൈഃ സംപ്രാർഥയാമോ വയം*

*61. യേ പൃഥ്വ്യാമഭിതശ്ചരന്തി ശതശോ രുദ്രാന്നബാണാശ്ചിരം
രുദ്രേഭ്യോ/സ്തു നമോ/യുതാധികസഹസ്രേഭ്യശ്ച തേഭ്യോ നമഃ
യേ രുദ്രാഃ പവനേഷവോ ബഹുവിധാഃ ക്രൂരാന്തരിക്ഷേ സ്ഥിതാ
രുദ്രേഭ്യോ/സ്തു നമോ/യുതാധികസഹസ്രേഭ്യശ്ച തേഭ്യോ നമഃ*

*62. യേ രുദ്രാ ദിവി സഞ്ചരന്തി വികടാ വർഷേഷവഃ സംഘശോ
രുദ്രേഭ്യോ/സ്തു നമോ/യുതാധികസഹസ്രേഭ്യശ്ച തേഭ്യോ നമഃ
യേ രുദ്രാശ്ച ചതുർദശേഷു ഭുവനേഷ്വേവം ചരന്തോ മുദാ
രുദ്രേഭ്യോ/സ്തു നമോ/യുതാധികസഹസ്രേഭ്യശ്ച തേഭ്യോ നമഃ*

*63. കുർമഃ പ്രാങ്മുഖമഞ്ജലിം ദശ പുനർയാമ്യം ച കുർമോ/ഞ്ജലിം
പ്രത്യഞ്ചം വയമഞ്ജലിം ദശ ദിശോദീചീം ച കുർമോ/ഞ്ജലീൻ*

*കർമോർധ്വം ച ദശാഞ്ജലീൻ വയമതസ്തേഭ്യോ നമോ/വത്തു നോ*
*യോ/സ്മാൻ ദ്വേഷ്ടി വയം ച യം ബഹുതാരം ദ്വിഷ്മഃ പഥേ തം ച വഃ*

64. *ശുദ്ധാന്തഃകരണാസ്ത്രിസന്ധ്യമപി യേ രുദ്രാർഥസാരാഭിധം*
*സ്തോത്രം പാപഹരം പഠന്തി ഹൃദയേ സാംബം ഭജന്തോ/നിശം*
*നീരോഗാ നിരുപദ്രവാ ഋണവിനിർമുക്താശ്ചരന്തേ പരം*
*ചൈന്ദ്രം ഭോഗമിഹാനുഭൂയ ചരമേ മോക്ഷം ലഭന്തേ ജനാഃ*

65. *വേദശ്രൗതസമസ്തശാസ്ത്രകവിതാപാണ്ഡിത്യപാരംഗതോ*
*ഭാരദ്വാജകുലാബ്ധിശീതകിരണോ/പീതസ്തനീഗർഭജഃ*
*വിദ്വദ്വന്ദിതവേങ്കടേശ്വരസുതശ്ചക്രേ/രുണാദ്രിഃ പരം*
*ശ്രീശോണേശകൃതപ്രസാദമഹിതോ രുദ്രാർഥസാരസ്തവം.*

---

# സംസ്കൃതപഠനം (37)

ഡി. പ്രകാശ്

ശത്രന്തപാഠം തുടരുന്നു. ശത്രന്തത്തിന്റെ ദ്വിതീയാന്തരൂപങ്ങളാണ് കഴിഞ്ഞ ലക്കത്തിൽ പഠിച്ചത്. ദ്വിതീയാരൂപത്തിന്റെ ഏകവചനം മാത്രമാണ് അവിടെ സോദാഹരണം പ്രതിപാദിച്ചത്. ഏകവചനത്തിന്റെയും ദ്വിതീയാന്തത്തിന്റെയും എല്ലാ രൂപങ്ങളും ഇവിടെ പട്ടികയിൽ കൊടുക്കാം.

പഠതി എന്ന ക്രിയാരൂപത്തിന്റെ പുല്ലിംഗത്തിലെ ശത്രന്തം പഠൻ. പഠിക്കുന്നവൻ, പഠിച്ചുകൊണ്ടിരിക്കുന്നവൻ എന്നർത്ഥം.

| एकवचनम् | द्विवचनम् | बहुवचनम् |
|---|---|---|
| पठन् | पठन्तौ | पठन्तः |
| पठन्तं | पठन्तौ | पठतः |

| | | |
|---|---|---|
| गच्छन् | गच्छन्तौ | गच्छन्तः |
| गच्छन्तं | गच्छन्तौ | गच्छतः |

| | | |
|---|---|---|
| लिखन् | लिखन्तौ | लिखन्तः |
| लिखन्तं | लिखन्तौ | लिखतः |
| वदन् | वदन्तौ | वदन्तः |
| वदन्तं | वदन्तौ | वदतः |
| नमन् | नमन्तौ | नमन्तः |
| नमन्तं | नमन्तौ | नमतः |
| पिबन् | पिबन्तौ | पिबन्तः |
| पिबन्तं | पिबन्तौ | पिबतः |
| स्मरन् | स्मरन्तौ | स्मरन्तः |
| स्मरन्तं | स्मरन्तौ | स्मरतः |
| पश्यन् | पश्यन्तौ | पश्यन्तः |
| पश्यन्तं | पश्यन्तौ | पश्यतः |
| पृच्छन् | पृच्छन्तौ | पृच्छन्तः |
| पृच्छन्तं | पृच्छन्तौ | पृच्छतः |
| तिष्ठन् | तिष्ठन्तौ | तिष्ठन्तः |
| तिष्ठन्तं | तिष्ठन्तौ | तिष्ठतः |
| धावन् | धावन्तौ | धावन्तः |
| धावन्तं | धावन्तौ | धावतः |

ശതൃന്തത്തിന്റെ തൃതീയാരൂപങ്ങൾ നമുക്ക് നോക്കാം. पठन् पठन्तौ पठन्तः എന്നതിന്റെ തൃതീയാരൂപങ്ങൾ
पठता पठद्भ्यां पठद्भिः എന്നാണ്. ഇവ വാക്യത്തിൽ ഇപ്രകാരം പ്രയോഗിക്കാം.

1. विद्यालये पठता छात्रेण पथिकः रक्षितः - വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളാൽ വഴിപോക്കൻ രക്ഷിയ്ക്കപ്പെട്ടു.
2. आकाशेन गच्छता हनुमता अशोकवनिका दृष्टा - ആകാശത്തിലൂടെ പോകുന്ന ഹനുമാനാൽ അശോകവനിക കാണപ്പെട്ടു.
3. कथां लिखता साहित्यकारेण सर्वकारपुरस्कारः लब्धः - കഥ എഴുതുന്ന സാഹിത്യകാരനാൽ സർക്കാർ പുരസ്കാരം ലഭിക്കപ്പെട്ടു.
4. सत्यमेव वदता हरिश्चन्द्रेण ईश्वरपरीक्षा विजिता - സത്യം മാത്രം പറയുന്ന ഹരിശ്ചന്ദ്രനാൽ ഈശ്വരപരീക്ഷ ജയിച്ചു.
5. गुरुं नमता स्वामिना विवेकानन्देन गुरोः अनुग्रहः लब्धः - ഗുരുവിനെ നമിക്കുന്ന സ്വാമിവിവേകാനന്ദനാൽ ഗുരുവിന്റെ അനുഗ്രഹം ലഭിക്കപ്പെട്ടു.
6. क्षीरं पिबता शिशुना हसितम् - പാല് കുടിക്കുന്ന ശിശു ചിരിച്ചു.
7. विष्णुं स्मरता ध्रुवेण भगवतः दरस्य स्पर्शः लब्धः - വിഷ്ണുവിനെ ഓർക്കുന്ന ധ്രുവനാൽ ഭഗവാന്റെ ശംഖിന്റെ സ്പർശം ലഭിക്കപ്പെട്ടു.
8. देवीं नमता वैश्येन मुक्तिः लब्धा - ദേവിയെ നമിക്കുന്നതായ വൈശ്യന് മുക്തി ലഭിച്ചു.
9. देवीं कीर्तयता ब्रह्मणा मधुकैटभाभ्यां मोचनं लब्धम् - ദേവിയെ പ്രകീർത്തിക്കുന്ന ബ്രഹ്മാവിന് മധുകൈടഭന്മാരിൽ നിന്ന് മോചനം ലഭിച്ചു.
10. सत्यं पश्यता नरेण जननेता चितः भवेत् - സത്യം കാണുന്ന മനുഷ്യൻ ജനനേതാവിനെ തിരഞ്ഞെടുക്കും.
11. मधुरं गायता गायकेन ईश्वरसायुज्यं प्राप्येत - മധുരമായി പാടുന്ന ഗായകൻ ഈശ്വരസായുജ്യത്തെ പ്രാപിക്കും.
12. रथे तिष्ठता अर्जुनेन श्रीकृष्णस्य शिष्यत्वं प्राप्यते - രഥത്തിൽ നിൽക്കുന്ന അർജ്ജുനൻ ശ്രീകൃഷ്ണന്റെ ശിഷ്യനാകുന്നു.
13. नद्यां मज्जता अक्रूरेण भगवान् दृश्यते - നദിയിൽ മുങ്ങുന്ന അക്രൂരൻ ഭഗവാനെ കാണുന്നു.
14. वाल्मीकिरामायणं निरुपयता कविना रामः मनुष्यत्वेन प्रत्यभिज्ञायते

- വാല്മീകിരാമായണം നിരൂപണം നടത്തുന്ന കവി രാമനെ മനുഷ്യനായി തിരിച്ചറിയുന്നു.

15. अर्जुनसारथ्यं वहता कृष्णेन आयुधरहितेन भूयते - അർജ്ജുനസാരഥ്യം വഹിക്കുന്ന കൃഷ്ണൻ നിരായുധനായി യുദ്ധക്കളത്തിൽ നിലക്കൊള്ളുന്നു.

16. सौरभ्यं वितरता पुष्पेण तन्मातृसस्ये सशोभं भूयते - സൗരഭ്യം വിതരണം നടത്തുന്ന പൂവ് അതിന്റെ മാതൃസസ്യത്തിൽ ശോഭയോടെ വർത്തിക്കുന്നു.

17. सत्यं गोपयता मनुजेन दुःखं अनुभूयते - സത്യം മറച്ചുപിടിക്കുന്ന മനുഷ്യൻ ദുഃഖം അനുഭവിക്കുന്നു.

18. पर्वतम् आरोहता पुरुषेण अल्पानि एव वस्तूनि स्वीक्रियते - പർവ്വതാരോഹണം ചെയ്യുന്ന പുരുഷൻ കുറച്ചു മാത്രമേ വസ്തുക്കൾ എടുക്കുന്നുള്ളൂ.

19. आकाशात् अवतरता ब्रह्मणा कृष्णलीला दृश्यते - ആകാശത്തിൽനിന്ന് അവതരിക്കുന്ന ബ്രഹ്മാവ് കൃഷ്ണലീല കാണുന്നു.

20. यमुनानदीं तरता वसुदेवेन नन्दगृहं प्राप्यते - യമുനാനദി മറികടക്കുന്ന വസുദേവർ നന്ദഗൃഹത്തിൽ എത്തുന്നു.

| क्रियारूपाणि | शत्रन्ततृतीया एकवचनम् | शत्रन्ततृतीया द्विवचनम् | शत्रन्ततृतीया बहुवचनम् |
|---|---|---|---|
| नमति | नमता | नमद्भ्यां | नमद्भिः |
| कीर्तयति | कीर्तयता | कीर्तयद्भ्यां | कीर्तयद्भिः |
| पश्यति | पश्यता | पश्यद्भ्यां | पश्यद्भिः |
| गायति | गायता | गायद्भां | गायद्भिः |
| तिष्ठति | तिष्ठता | तिष्ठद्भ्यां | तिष्ठद्भिः |
| मज्जति | मज्जता | मज्जद्भ्यां | मज्जद्भिः |

| | | | |
|---|---|---|---|
| निरुपयति | निरुपयता | निरुपयद्भ्यां | निरुपयद्भिः |
| वहति | वहता | वहद्भ्यां | वहद्भिः |
| वितरति | वितरता | वितरद्भ्यां | वितरद्भिः |
| गोपयति | गोपयता | गोपयद्भ्यां | गोपयद्भिः |
| आरोहति | आरोहता | आरोहद्भ्यां | आरोहद्भिः |
| अवतरति | अवतरता | अवतरद्भ्यां | अवतरद्भिः |
| तरति | तरता | तरद्भ्यां | तरद्भिः |

മുകളിൽ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ ശത്രന്തങ്ങളുടെ തൃതീയാരൂപങ്ങൾ കാണാം. ആ തൃതീയാരൂപങ്ങളുടെ മൂന്ന വചനങ്ങളിലുമുള്ള രൂപങ്ങളാണ് താഴെ പട്ടികയിൽ കൊടുത്തിട്ടുള്ളത്.

വേറെ കുറച്ച് ക്രിയാരൂപങ്ങൾ കൂടി എഴുതാം. അവ മനസ്സിലാക്കി അവയുടെ പ്രഥമ, ദ്വിതീയ, തൃതീയ എന്നീ വിഭക്തികളിലെ മൂന്ന വചനങ്ങളിലുമുള്ള ശത്രന്തരൂപങ്ങൾ താഴെ കൊടുത്തിട്ടുള്ള കള്ളികളിൽ എഴുതുകയും വാക്യത്തിൽ പ്രയോഗിക്കുകയും ചെയ്യുക.

| | | | | |
|---|---|---|---|---|
| दर्शयति | കാണിക്കുന്നു. | | | |
| कम्पयति | വിറപ്പിക്കുന്നു | | | |
| मर्दयति | മർദ്ദിക്കുന്നു | | | |
| खादति | തിന്നുന്നു | | | |
| नयति | നയിക്കുന്നു | | | |
| हसति | ചിരിക്കുന്നു | | | |
| त्यजति | ഉപേക്ഷിക്കുന്നു | | | |
| बोधयति | ബോധിപ്പിക്കുന്നു | | | |
| उत्पादयति | ഉല്പാദിപ്പിക്കുന്നു | | | |
| प्रणमति | പ്രണമിക്കുന്നു | | | |

## കാവ്യപാഠം

ശ്ലോകം 2

> क्व सूर्यप्रभवो वंशः क्व चाल्पविषया मतिः
> तितीर्षुर्दुस्तरं मोहादुडुपेनास्मि सागरम्।।

### പദങ്ങൾഃ

| | |
|---|---|
| क्व | അവ്യയം |
| सूर्यप्रभवः | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| क्व | അവ്യയം |
| च | അവ്യയം |
| अल्पविषया | ആകാരന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| मतिः | ഇകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| तितीर्षुः | ഉകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| दुस्तरम् | അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ഏകവചനം |
| मोहात् | അകാരാന്തഃ പുല്ലിംഗഃ പഞ്ചമീ ഏകവചനം |
| उडुपेन | അകാരാന്തഃ നപുംസകലിംഗഃ തൃതീയാ ഏകവചനം |
| अस्मि | അസ് ധാതുഃ പരസ്മൈപദീ ലട് (വർത്തമാനം) ഉത്തമപുരുഷഃ ഏകവചനം |
| सागरम् | അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ഏകവചനം |

### വിഗ്രഹവും പദങ്ങളുടെ അർത്ഥങ്ങളും

| | |
|---|---|
| ക്വ | - കുത്ര, എവിടെ |
| സൂര്യപ്രഭവഃ | - സൂര്യഃ പ്രഭവഃ യസ്യ സഃ അഥവാ സൂര്യാത് പ്രഭവഃ യസ്യ സഃ. യാതൊന്നിനാണോ സൂര്യൻ ഉദ്ഭവ സ്ഥാനം ആയിട്ടുള്ളത്. |
| ച | - ഉം |
| അല്പവിഷയാ | - അല്പഃ വിഷയഃ യസ്യാഃ സാ. യാതൊന്നിനാണോ അല്പം മാത്രം വിഷയമുള്ളത്. |
| മതിഃ | - ബുദ്ധിഃ |
| തിതീർഷുഃ | - തരിതും ഇച്ഛുഃ. തരണം ചെയ്യുവാൻ ആഗ്രഹിക്കുന്ന വൻ |

ദുസ്തരം - ദുഃഖേന തരിതും ശക്യം ബദ്ധിമുട്ടി തരണം (മറുകര കടക്കൽ) ചെയ്യുവാൻ സാധിക്കുന്നത്.
മോഹാത് - അജ്ഞാനത്താൽ
ഉഡുപേന - പൊങ്ങുതടികൊണ്ട് .
അസ്മി - ഞാൻ ആകുന്നു.

## ക്രിയാപദങ്ങൾ

അസ് ധാതുവിന്റെ വർത്തമാനകാലത്തിലുള്ള രൂപമാണ് അസ്മി എന്നത്. ധാതുക്കളെ രണ്ട് വിഭാഗങ്ങളിലായി ഉൾപ്പെടുത്താം. പരസ്മൈപദികളായവയും ആത്മനേപദികളായവയും. പരസ്മൈപദി വിഭാഗത്തിൽ പെടുന്നതാണ് അസ് ധാതു. എന്നാൽ കൃഞ് ധാതു രണ്ടു വിഭാഗത്തിലും പെടുന്നതിനാൽ കരോതി കുരുതേ എന്നും രണ്ടു രൂപങ്ങൾ ഉണ്ട്.

മാത്രമല്ല, പ്രഥമപുരുഷൻ (ഇംഗ്ലീഷിലെ 3rd person) മധ്യമപുരുഷൻ (ഇംഗ്ലീഷിലെ 2nd person) ഉത്തമപുരുഷൻ (ഇംഗ്ലീഷിലെ Ist person) എന്നിങ്ങനെ മൂന്നു വിഭാങ്ങളിലായും ഏകവചനം ദ്വിവചനം ബഹുവചനം എന്നിങ്ങനെ മൂന്നു വചനങ്ങളിലായും 9 രൂപങ്ങൾ ഉണ്ട്. അവ താഴെ എഴുതുന്നു.

| | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|
| പ്രഥമപുരുഷൻ | അസ്തി | സ്തഃ | സന്തി |
| മധ്യമപുരുഷൻ | അസി | സ്ഥഃ | സ്ഥ |
| ഉത്തമപുരുഷൻ | അസ്മി | സ്വഃ | സ്മഃ |

മുകളിൽ കൊടുത്തിരിക്കുന്ന അസ് ധാതുവിന്റെ 9 രൂപങ്ങൾക്കും ആകുന്നു എന്നാണ് അർത്ഥമെങ്കിലും ഈ ക്രിയകളുടെ കർത്താക്കൾ മാറി വരുന്നു. അവ താഴെ പട്ടികപ്പെടുത്തി കാണിക്കാം.

| പുരുഷഃ/മഹിളാ/ വാഹനം | പുരുഷൗ/മഹിളേ/ വാഹനേ | പുരുഷാഃ/മഹിളാഃ/ വാഹനാനി |
|---|---|---|
| ത്വം (നീ) | യുവാം (നിങ്ങൾ രണ്ടു പേർ) | യൂയം (നിങ്ങൾ എല്ലാവരും) |
| അഹം (ഞാൻ) | ആവാം (നമ്മൾ രണ്ടു പേർ) | വയം (നമ്മൾ എല്ലാവരും) |

ഇപ്പറഞ്ഞ പദങ്ങളെ എങ്ങനെ പദ്യത്തിൽ ചേർത്തെഴുതി എന്നു നോക്കാം. അതിന് പദങ്ങൾ ചേർത്തെഴുതുന്നവിധം അറിയണം.

## സന്ധി

| | | |
|---|---|---|
| സൂര്യപ്രഭവഃ + വംശഃ | = | സൂര്യപ്രഭവോ വംശഃ |
| ച + അല്പവിഷയാ | = | ചാല്പവിഷയാ |
| തിതീർഷുഃ + ദുസ്തരം | = | തിതീർഷുർദുസ്തരം |
| മോഹാത് + ഉഡുപേന + അസ്മി | = | മോഹാദുഡുപേനാസ്മി |

## അന്വയം

അങ്ങുമിങ്ങുമിരിക്കുന്ന പദങ്ങളെ യഥാവിധം ചേരുന്നപടി ചേർക്കുന്നതത് അന്വയം. ഇതാണല്ലോ അന്വയം. ഇതിന് ചില ചോദ്യങ്ങളിലൂടെ നമുക്ക് അന്വയത്തിൽ എത്തിച്ചേരാം.

1. കഃ അസ്തി? ആരുണ്ട്?

   ഉത്തരം - വംശഃ അസ്തി. വംശം ഉണ്ട്.

2. കീദൃശഃ വംശഃ അസ്തി? എപ്രകാരമുള്ള വംശം ഉണ്ട്?

   ഉത്തരം - സൂര്യപ്രഭവഃ വംശഃ അസ്തി. സൂര്യനിൽനിന്ന് ഉദ്ഭവിച്ച വംശം ഉണ്ട്. ഇവിടെ ക്വ എന്ന പദം ചേർക്കുന്നു. അപ്പോൾ ക്വ സൂര്യപ്രഭവഃ വംശഃ അസ്തി? എന്ന ചോദ്യവാക്യമായി. ഇതുപോലെ വീണ്ടും.

1. കഃ അസ്തി? ആരുണ്ട് ?

   ഉത്തരം - മതിഃ ച അസ്തി. ബുദ്ധിയും ഉണ്ട്.

2. കീദൃശീ മതിഃ ച അസ്തി? എപ്രകാരമുള്ള ബദ്ധിയും ഉണ്ട് ?

   ഉത്തരം - അല്പവിഷയാ മതിഃ ച അസ്തി. കുറച്ചു മാത്രം വിഷയമുള്ള ബുദ്ധിയും ഉണ്ട്.

   ഇവിടെ അസ്മി ക്രിയാപദം. ആര് ആകുന്നു എന്നു വ്യക്തം. പറയാതെ തന്നെ കിട്ടി. ഞാൻ (അഹം) ആകുന്നു.

1. അഹം കഃ അസ്മി? എന്ന ചോദ്യത്തിന് അഹം തിതീർഷുഃ അസ്മി എന്ന് ഉത്തരം ശ്ലോകത്തിൽനിന്ന് കിട്ടുന്നതായി നോക്കുക. ഇതുപോലെ താഴെ എഴുതുന്ന ഒരോ ചോദ്യോത്തരങ്ങളും നോക്കുക.

2. അഹം കിം തിതീർഷുഃ അസ്മി? ഞാൻ ആരെ തരണം ചെയ്യാൻ ആഗ്രഹിക്കുന്നവനാകുന്നു?

ഉത്തരം - അഹം സാഗരം തിതീർഷുഃ അസ്മി. ഞാൻ സമുദ്രം തരണം ചെയ്യാൻ ആഗ്രഹിക്കുന്നവനാകുന്നു.

3. അഹം കീദൃശം സാഗരം തിതീർഷുഃ അസ്മി? ഞാൻ എങ്ങനെയുള്ള സമുദ്രം തരണം ചെയ്യാൻ ആഗ്രഹിക്കുന്നവനാകുന്നു?

ഉത്തരം - അഹം ദുസ്തരം സാഗരം തിതീർഷുഃ അസ്മി. ഞാൻ പ്രയാസപ്പെട്ട് മറികടക്കുവാൻ സാധിക്കുന്ന സമുദ്രം തരണം ചെയ്യാൻ ആഗ്രഹിക്കുന്നവനാകുന്നു.

4. അഹം ദുസ്തരം സാഗരം കേന തിതീർഷുഃ അസ്മി? ഞാൻ പ്രയാസപ്പെട്ട് മറികടക്കുവാൻ സാധിക്കുന്ന സമുദ്രം എങ്ങനെ (എന്ത് ഉപയോഗിച്ച് ) തരണം ചെയ്യാൻ ആഗ്രഹിക്കുന്നവനാകുന്നു?

ഉത്തരം - അഹം ദുസ്തരം സാഗരം ഉഡുപേന തിതീർഷുഃ അസ്മി. ഞാൻ പ്രയാസപ്പെട്ട് മറികടക്കുവാൻ സാധിക്കുന്ന സമുദ്രം പൊങ്ങുതടിയാൽ തരണം ചെയ്യാൻ ആഗ്രഹിക്കുന്നവനാകുന്നു.

5. അഹം ദുസ്തരം സാഗരം കസ്മാത് ഉഡുപേന തിതീർഷുഃ അസ്മി? ഞാൻ പ്രയാസപ്പെട്ട് മറികടക്കുവാൻ സാധിക്കുന്ന സമുദ്രം എന്ത് കാരണത്താൽ പൊങ്ങുതടിയാൽ തരണം ചെയ്യാൻ ആഗ്രഹിക്കുന്നവനാകുന്നു?

ഉത്തരം - അഹം ദുസ്തരം സാഗരം മോഹാത് ഉഡുപേന തിതീർഷുഃ അസ്മി. ഞാൻ പ്രയാസപ്പെട്ട് മറികടക്കുവാൻ സാധിക്കുന്ന സമുദ്രം അജ്ഞാനം കാരണം പൊങ്ങുതടിയാൽ തരണം ചെയ്യാൻ ആഗ്രഹിക്കുന്നവനാകുന്നു.

ഈ ചോദ്യങ്ങളിലൂടെ നമ്മൾ താഴെ കൊടുത്തിരിക്കുന്ന അന്വയത്തിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നു.

അന്വയവാക്യങ്ങൾ മൂന്നെണ്ണം ഈ ശ്ലോകത്തിൽ. നോക്കുക.

ക്വ സൂര്യപ്രഭവഃ വംശഃ? ക്വ ച അല്പവിഷയാ മതിഃ? ദുസ്തരം സാഗരം മോഹാത് ഉഡുപേന തിതീർഷുഃ അസ്മി.

(തുടരും)

# ഭഗവദ്ഗീതാ – ഒരു പുനർവായന [17]

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

*ആചാര്യാഃ പിതരഃ പുത്രാഃ*
*തഥൈവ ച പിതാമഹാഃ*
*മാതുലാഃ ശ്വശുരാഃ പൗത്രാഃ*
*ശ്യാലാഃ സംബന്ധിനസ്തഥാ (34)*

ആചാര്യന്മാർ പിതൃതുല്യർ പുത്രഭാര്യാപിതാവ് പുത്രന്മാരുടെ പുത്രന്മാർ. ഭാര്യാസഹോദരന്മാർ മറ്റനവധി ബന്ധുക്കൾ തുടങ്ങിയവരെയെല്ലാം യുദ്ധക്കളത്തിൽ കാണുന്നു. അവർ എന്നെ കൊന്നാലും സാരമില്ല. ഞാൻ അവരെ കൊല്ലുവാൻ ആഗ്രഹിക്കുന്നില്ല.

ഇതാണീ ശ്ലോകാർത്ഥം. ഇതിൽ അല്ലയോ മധുസൂദന എന്നാണ് അർജ്ജുനൻ ശ്രീകൃഷ്ണനെ സംബോധന ചെയ്യുന്നത്. മധു എന്ന അസുരനെ വധിച്ചവൻ എന്നാണ് ഈ സംബോധനാനാമത്തിന്റെ അർത്ഥം. ന്യായമായ കാര്യങ്ങൾക്ക് അമ്മാവൻ തുടങ്ങിയ ബന്ധുക്കളെപോലും കൊന്നിട്ടുണ്ട് ശ്രീകൃഷ്ണൻ. അതുകൊണ്ട് ഈ സംബോധന ഉചിതമാണ്.

*'അപി ത്രൈലോക്യരാജ്യസ്യ*
*ഹേതോഃ കിം നു മഹീകൃതേ'*

ത്രിലോകങ്ങളിലുള്ള എല്ലാ രാജ്യങ്ങൾക്കുവേണ്ടിയാണെങ്കിലും ഇവരെ ഞാൻ കൊല്ലുകയില്ല. പിന്നെ ഈ ചെറുരാജ്യത്തിന് വേണ്ടിയോ? ത്രിലോകങ്ങൾ സ്വന്തമായി കിട്ടുമെന്ന് പറഞ്ഞാലും ഞാൻ യുദ്ധം ചെയ്യാൻ തയ്യാറല്ല എന്നാണ് അർജ്ജുനൻ പറയുന്നത്. പിന്നെയാണോ ഒരു ചെറിയ രാജ്യത്തിനുവേണ്ടി ഈ യുദ്ധം എന്നാണ് അർജ്ജുന നിലപാട്. വലിയൊരു പ്രതിസന്ധി നേരിടുമ്പോൾ നമ്മളും ഇതുപോലെ തത്ത്വശാസ്ത്രജ്ഞരാകാറുണ്ട്. വധാർഹരായ ഇവരെ കൊന്നാൽ നമുക്ക് പാപം വന്ന് ചേരുമെന്ന കുയുക്തി അർജ്ജുനൻ എടുത്ത് കാണിക്കുന്നു. ഇവിടെ അർജ്ജുനൻ നമ്മുടെ ഒരു ചെറുപതിപ്പാണ്. നമ്മളും ഇതുപോലെ വലിയ തത്ത്വശാസ്ത്രജ്ഞരാകുന്ന സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലും വരാറുണ്ട്.

മേൽപറഞ്ഞ ശ്ലോകങ്ങളുടെ അഭിനവഗുപ്തവ്യാഖ്യാനം-

'അമീ ആചാര്യാദയഃ ഇതി വിശേഷബുദ്ധ്യാ ബുദ്ധാവാരോപ്യമാണാഃ വധകർമതയാ അവശ്യം പാപദായിനഃ'

യോദ്ധാക്കളായവരെ ആചാര്യാദികൾ എന്ന വിശേഷബുദ്ധിയോടെ വീക്ഷിച്ചിട്ട് അവരെ കൊന്നാൽ അത് പാപത്തിന് കാരണമാകും. സാമാന്യമായി അവർ യോദ്ധാക്കൾ എന്ന ബുദ്ധിയോടെ കൊന്നാൽ ആ വധം പാപത്തിന് കാരണമാകുന്നില്ല.

ഇവിടെ അർജ്ജുനന് ആചാര്യൻ, പിതാമഹൻ, അമ്മാവൻ എന്ന് തുടങ്ങിയ വിശേഷബുദ്ധിയാണ് ഉണ്ടായത്. അത് പാപത്തെ ഉണ്ടാക്കും എന്നതിനാൽ യുദ്ധം ചെയ്യുന്നില്ല എന്ന് പറഞ്ഞു.

മമത്വാധിഷ്ഠിതമായി അതായത് എന്റേതാണെന്നും എന്റേതാക്കണമെന്നും കരുതി പ്രവർത്തിച്ചാൽ അത് പാപത്തെ ജനിപ്പിക്കും. നേരെമറിച്ച് അവനവൻ ചെയ്യേണ്ടതാണെന്ന് കരുതി ചെയ്താൽ അത് പാപത്തെ ഉണ്ടാക്കില്ല.

അഭിനവഗുപ്തവ്യാഖ്യാനം-

'തഥാ ഭോഗസുഖാദിതൃഷ്ടാർഥമേവ യുദ്ധം ക്രിയതേ ഇതി ബുദ്ധ്യാ ക്രിയമാണം യുദ്ധേഷു വധ്യഹനനാദി തദവശ്യം പാതകകാരീതി പൂർവപക്ഷാഭിപ്രായഃ.'

ഈ യുദ്ധം ചെയ്യുന്നത് എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടാക്കാനാണ് എന്ന ബോധത്തോടെയാണെങ്കിൽ ആ യുദ്ധത്തിൽ വധ്യരെ വധിച്ചാലും പാപം ഉണ്ടാകും എന്ന് ഇതിന് അർത്ഥം. 'യുദ്ധേഷു വധ്യഹനനാദി' എന്നത് ചില സ്ഥലങ്ങളിൽ 'യുദ്ധേഷു അവധ്യഹനനാദി എന്ന വ്യത്യസപ്പെട്ട് കാണുന്നുണ്ട്. അതുകൊണ്ട് വധിയ്ക്കപ്പെടുവാൻ യോഗ്യരായവരെയും യോഗ്യരല്ലാത്തവരെയും വധിച്ചാൽ പാപം വന്നു ചേരുമെന്ന് മേലുദ്ധരിച്ച അഭിനവഗുപ്താചാര്യവാക്കുകൾക്ക് അർത്ഥമെടുക്കാം. ഈ യുദ്ധം നേട്ടങ്ങൾ ഉണ്ടാക്കാൻ വേണ്ടീട്ടുള്ളതാണല്ലോ. രാജ്യവും തദ്വാരാ ലഭിക്കുന്ന സുഖവും നേടുന്നതിനുവേണ്ടീട്ടാണല്ലോ യുദ്ധം ചെയ്യാൻ പുറപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഈ യുദ്ധത്തിൽ മറുപക്ഷത്ത് നില്ക്കുന്നവർ വധിയ്ക്കപ്പെടുവാൻ യോഗ്യരാണെങ്കിലും അല്ലെങ്കിലും അവരെ വധിച്ചാൽ പാപം വന്നുചേരും എന്നാണ് അർജ്ജുനാഭിപ്രായമെന്ന് ആചാര്യൻ വ്യക്തമാക്കുന്നു.

അഭിനവഗുപ്തവ്യാഖ്യാനം-

*'അത ഏവ സ്വധർമ്മമാത്രതയൈവ*

*കർമ്മാണ്യനതിഷ്ഠ ഇത്യുത്തരം ദാസ്യതി.'*

മേൽപറഞ്ഞ അർജ്ജുനാഭിപ്രായത്തിന് ശ്രീകൃഷ്ണപരമാത്മാവ് ഉത്തരം നല്കും എന്ന് അഭിനവഗുപ്താചാര്യൻ ഇതിലൂടെ വ്യക്തമാക്കുന്നു. തനിക്ക് വേണ്ടിട്ടോ തന്റെ ആൾക്കാർക്ക് വേണ്ടിട്ടോ അല്ല ഒരു പ്രവൃത്തി ചെയ്യേണ്ടത്. പകരം അവരവർ ചെയ്യുന്നത് അവനവന്റെ സ്വധർമ്മമാണെന്ന് കണ്ടുകൊണ്ടാണ് വേണ്ടത്. ആചാര്യന്മാർ, പിതാമഹന്മാർ, അമ്മാവന്മാർ എന്ന വിശേഷബുദ്ധിയോടെയല്ല. മറിച്ച് അവനവന്റെ സ്വധർമ്മം എന്ന ബുദ്ധിയോടെയാണ് യുദ്ധം ചെയ്യേണ്ടത് എന്ന് ശ്രീകൃഷ്ണ പരമാത്മാവിന്റെ ഉപദേശം. ഇത് വളരെ വിസ്തരിച്ച് പിന്നീട് പറയുന്നുണ്ടെന്ന് ആചാര്യൻ പറയുന്നു.

36. *നിഹത്യ ധാർത്തരാഷ്ട്രാൻ നഃ കാ പ്രീതിഃ സ്യാജ്ജനാർദ്ദന*
*പാപമേവാശ്രയേദസ്മാൻ ഹത്വൈതാനാതതായിനഃ*

37. *തസ്മാന്നാർഹാ വയം ഹന്തും ധാർത്തരാഷ്ട്രാൻ സ്വബാന്ധവാൻ*

അർത്ഥം - അല്ലയോ ജനാർദ്ദന! ധൃതരാഷ്ട്രരുടെ പുത്രന്മാരെ കൊന്നിട്ട് നമുക്ക് എന്ത് സന്തോഷമാണുണ്ടാവുക? വധാർഹരായ ഇവരെ കൊന്നാൽ പാപം മാത്രമായിരിക്കും ഞങ്ങൾക്ക് കിട്ടുക.

കൗരവരെ കൊന്നിട്ട് ഞങ്ങൾക്ക് യാതൊരു സന്തോഷവുമില്ല എന്ന അർജ്ജുനവചനം കേട്ടാൽ ശ്രീകൃഷ്ണൻ നിർബന്ധപൂർവ്വം യുദ്ധം ചെയ്യാൻ അർജ്ജുനനെ കൊണ്ടുപോയി നിർത്തിയിരിക്കുന്നതായി തോന്നും. എന്നാൽ വാസ്തവത്തിൽ ഈശ്വരൻ നമ്മളെ എല്ലാം ചെയ്യിക്കുന്നതാണെന്ന അർത്ഥത്തിൽ ഇത് ശരിയായിരിക്കാം. പക്ഷേ അർജ്ജുനതലത്തിൽനിന്ന് ചിന്തിച്ചാൽ അർജ്ജുനൻ മാത്രമല്ല ഭീമാദികളായ എല്ലാ പാണ്ഡവരും അവരുടെ സഹായികളും യുദ്ധം ചെയ്യാൻ ആഗ്രഹിച്ചിരുന്നു. അല്ലയോ ജനാർദ്ദന! ഞങ്ങളെക്കൊണ്ട് ഇങ്ങനെ യുദ്ധം ചെയ്യിക്കുക അങ്ങയ്ക്ക് ഒരു ലീലയായിരിക്കാം എന്നുകൂടി അർജ്ജുനൻ ഇവിടെ ഉദ്ദേശിച്ചിട്ടുണ്ടാകാം.

## അഭിനവഗുപ്താചാര്യരുടെ വ്യാഖ്യാനം:

'നിഹത്യേതി ആതതായിനാം ഹനനേ പാപമേവ കർതൃ. അതോയമർത്ഥഃ പാപേന താവദേതേസ്മച്ഛത്രവോ ഹതാഃ പരതന്ത്രീകൃതാഃ, താംശ്ച നിഹത്യാസ്മാനപി പാപമാശ്രയേത്. പാപമത്ര ലോഭവശാത് കുലക്ഷയാദിദോഷാദർശനം.

## അർത്ഥം

വധാർഹരായ കൗരവാദികളെ കൊന്നാൽ പാപം തന്നെയാണ് കർത്താവ്. പാപത്താലാണ് കൗരവാദികൾ വധാർഹരാകുന്നതും കൊല്ലപ്പെടുന്നതും, യാതൊരു പാപത്താലാണോ കൗരവാദികൾ വധാർഹരായിരിക്കുന്നത് അങ്ങനെയുള്ള അവരെ ഞങ്ങൾ വധിക്കുകയാണെങ്കിൽ വധാർഹരാകുവാൻ അവരുടെ പക്കലുണ്ടായിരുന്ന ആ പാപം ഞങ്ങളെ പിടികൂടും എന്ന് അർജ്ജുനവാക്കുകൾ അഭിനവ ഗുപ്താചാര്യർ വ്യാഖ്യാനിക്കുന്നു. ആ പാപം എന്താണെന്ന് പറയുന്നു അഭിനവ ഗുപ്താചാര്യർ ഇപ്രകാരം - ലോഭം കാരണം കുലക്ഷയം തുടങ്ങിയ ദോഷങ്ങളെ കാണാതിരിയ്ക്കൽ.

ഇവിടെ കുലക്ഷയം എന്നത് കൗരവപാണ്ഡവകുലങ്ങളുടെ മാത്രം ക്ഷയമല്ല. എല്ലാ ക്ഷത്രിയകുലങ്ങളുടെയും ക്ഷയമാണ്. ക്ഷത്രിയകുലനാശം മുൻകൂട്ടി കാണാൻ പറ്റാത്തത് ലോഭം കാരണമാണ്. ലോഭമാകട്ടെ എല്ലാം എന്റേതാക്കാനുള്ള വ്യഗ്രതായാണ്. വെട്ടിപിടിക്കാനുള്ള ഈ ആർത്തി എല്ലാവരെയും ഈ യുദ്ധക്കളത്തിലെത്തിക്കുകയും ക്ഷത്രിയകുലനാശം മുൻകൂട്ടി കാണാൻ സാധിക്കാതിരിക്കുകയും ചെയ്തു. എന്റേതാക്കണം എന്ന മമത്വം കാരണം ക്ഷത്രിയകുലനാശത്തെ മുൻകൂട്ടി കാണാൻ സാധിക്കാതാവുക എന്ന പാപത്തിന് ആശ്രയമായിത്തീർന്നു കൗരവാദികൾ നമ്മൾ അങ്ങനെയല്ല എന്നാണ് അർജ്ജുനന്റെ ചിന്ത.

## അഭിനവഗുപ്താചാര്യരുടെ വ്യാഖ്യാനം

അത ഏവ കുലക്ഷയാദിധർമാണാമുപക്ഷേപം കരോതി അർജ്ജുനഃ 'സ്വജനം ഹി കഥം' ഇത്യാദിനാ

തുടർന്നുവരുന്ന കുറച്ച് ശ്ലോകങ്ങളിലൂടെ കുലക്ഷയം ഹേതുവായി ഉണ്ടായേക്കാവുന്ന അധർമ്മസ്ഥിതിയെക്കുറിച്ച് അർജ്ജുനൻ പറയുന്നു.

*അർജ്ജുനഃ ഉവാച*

*സ്വജനം ഹി കഥം ഹത്വാ സുഖിനഃ സ്യാമ മാധവ*

38. *യദ്യപ്യേതേ ന പശ്യന്തി ലോഭോപഹതചേതസഃ*
*കുലക്ഷയകൃതം ദോഷം മിത്രദ്രോഹേ ച പാതകം*

39. *കഥം ന ജ്ഞേയമസ്മാഭിഃ പാപാദസ്മാന്നിവർത്തിതും*
*കുലക്ഷയകൃതം ദോഷം പ്രപശ്യദ്ഭിർജനാർദ്ദന*

അർത്ഥം - അല്ലയോ മാധവ!സ്വന്തം ജനങ്ങളെ കൊന്നിട്ട് എങ്ങ

നെയാണ് സന്തോഷം ഉണ്ടാവുക? ലോഭത്താൽ ചേതനയറ്റ ഈ കൗരവാദികൾക്ക്  കുലക്ഷയംകൊണ്ട് ഉണ്ടാകുന്ന ദോഷത്തെയോ സുഹൃത്തുക്കളോട് ക്രൂരത കാണിക്കുന്നതുകൊണ്ടുള്ള പാതകത്തെക്കുറിച്ചോ അറിവില്ല. അല്ലയോ ജനാർദ്ദന! കുലനാശത്തിലുള്ള ദോഷം തികച്ചും അറിയുന്ന ഞങ്ങൾ എന്തുകൊണ്ട് ഈ പാപത്തിൽനിന്ന് പിൻമാറിക്കൂടാ?.

സ്വന്തം ജനങ്ങളെ കൊന്നാൽ യാതൊരു സന്തോഷവും ഞങ്ങൾക്ക് ഉണ്ടാവുകയില്ല. കൗരവാദികളാകട്ടെ അത്യാർത്തിയാൽ ചേതനയറ്റവരാണ്. അവരുടെ ബുദ്ധി മറഞ്ഞിരിക്കുന്നതിനാൽ കുലക്ഷയത്താൽ ഉണ്ടാകുന്ന ദോഷത്തെയോ ഐക്യദാർഢ്യത്താൽ സഹായിക്കാൻ വന്നിരിക്കുന്ന സുഹൃത്തുക്കൾക്ക് പാപത്തെ പ്രദാനം ചെയ്ത് വഞ്ചിച്ചാലുള്ള മിത്രപാതകത്തെയോ കുറിച്ചൊന്നും അവർക്ക് അറിയില്ല. ഞങ്ങൾക്ക്-അർജ്ജുനാദികൾക്ക് അറിയാം എന്നും സാരം. ഞങ്ങൾ-അർജ്ജുനാദികൾ ഇത് നന്നായിട്ട് അറിയുന്നവരായിട്ട് എന്തിന് പാപം ചെയ്യാൻ പോകുന്നു, ഇതിൽനിന്ന് പിൻതിരിയുന്നതല്ലേ നല്ലത്. മധു എന്ന വംശത്തിൽ ഭൂജാതനായ അങ്ങേയ്ക്ക് കുലക്ഷയത്തെക്കുറിച്ച് നല്ലപോലെ അറിയാവുന്നതല്ലേ എന്ന ധ്വനി മാധവ എന്ന സംബോധനയിൽനിന്നും മനസ്സിലാക്കാം.

(തുടരും)

---

# ലളിതാസഹസ്രനാമം (27)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

ഭക്തസൗഭാഗ്യദായിനീ - ഭക്തന്മാർക്ക് എല്ലാ സൗഭാഗ്യങ്ങളും നൽകുന്നവൾ. ദേവിയെ ഭജിക്കുന്നവർക്ക് എല്ലാ സൗഭാഗ്യങ്ങളും കിട്ടും. ഇവിടെ ഒരു കാശ്മീരഭക്തകവിയുടെ അഞ്ച് സ്തോത്രങ്ങൾ അടങ്ങിയ പഞ്ചസ്തവീ എന്ന ഗ്രന്ഥം സ്മർത്തവ്യമാണ്. അതിലെ  ഈ ശ്ലോകമിവിടെ ഓർക്കാം -

*യാചേ ന ക!ഞ്ചന ന കഞ്ചന  വഞ്ചയാമി*
*സേവേ ന കഞ്ചന നിരസ്തസമസ്തദൈന്യഃ*

*ശ്ലക്ഷ്ണം വസേ മധുരമദ്മി ഭജേ വരസ്ത്രീഃ*
*ദേവീ ഹൃദി സ്ഫുരതി മേ കുളകാമധേനുഃ*

ജീവിതത്തിലെ എല്ലാ ദുഃഖങ്ങൾക്കും അറുതി വരണമെങ്കിൽ യാചിക്കുകയോ വഞ്ചിക്കുകയോ ആരെയെങ്കിലും സേവിക്കുകയോ ചെയ്യണം. എന്നാൽ ഇതൊന്നും ചെയ്യാതെതന്നെ ലോകത്തിന്റെ കാമധേനുവായ ലളിതാപരമേശ്വരി എന്റെ മനസ്സിൽ സ്ഫുരിക്കുക. കാരണം എനിക്ക് നല്ല വസ്ത്രം ധരിക്കുവാനും അന്നത്തിന് മുട്ടുകൂടാതെ ജീവിക്കുവാനും എല്ലാ സൗഭാഗ്യങ്ങളും അനുഭവിക്കുവാനും സാധിച്ചു. അതുകൊണ്ടുതന്നെ ലളിതാപരമേശ്വരിയുടെ പഞ്ചദശിമന്ത്രത്തിന് സൗഭാഗ്യമന്ത്രം എന്ന പേരു കൂടി സിദ്ധിച്ചു. ഈ ദേവിയുടെ ആരാധനയാൽ ജീവിതത്തിൽ വേണ്ടതെല്ലാം വന്നു കൊള്ളുകയും വേണ്ടാത്തതൊന്നും വരികയുമില്ല.

*42. ഭക്തിപ്രിയാ ഭക്തിഗമ്യാ ഭക്തിവശ്യാ ഭയാപഹാ*
*ശാംഭവീ ശാരദാരാധ്യാ ശർവാണീ ശർമദായിനീ*

*ഭക്തിപ്രിയാ* - ഭക്തി എന്ന അവസ്ഥ വളരെ ഇഷ്ടമുള്ളവൾ.

ഭക്തിയ്ക്ക് വിവിധാചാര്യന്മാർ ഭിന്നഭിന്ന നിർവ്വചനങ്ങൾ നൽകിയിട്ടുണ്ട്. സ്വസ്വരൂപാനുസന്ധനം ഭക്തിരിത്യഭിധീയതേ എന്ന് ശങ്കരാചാര്യരും സാ ത്വസ്മിൻ പരമപ്രേമരൂപിണീ എന്ന് നാരദനും പ്രാണസംയമനം ചെയ്ത് പ്രാണനെ സുഷുമ്നാനാഡിയിലൂടെ കടത്തി ഹൃദ്പദ്മത്തിൽ എത്തിച്ച് ചതുർബാഹുവായ നാരായണനെ കണ്ടുകൊണ്ട് നാമം ജപിക്കുന്നവൻ എന്ന് ഭാഗവതവും ഭക്തിയെ നിർവ്വചിക്കുന്നു. ഇതുപോലെ ഏതുതരത്തിലുള്ള ഭക്തിനിർവ്വചനം വച്ചു നോക്കിയാലും അത്തരത്തിലുള്ള ഭക്തിയിലേയ്ക്ക് നമ്മൾ ഉയർന്നിട്ടില്ലെങ്കിലും ഇപ്പോഴുള്ള നില മനസ്സിലാക്കി ആ ഭക്തിയെ വികസിപ്പിച്ചെടുത്താൽ പൂർണ്ണഭക്തിയിലേക്ക് നമുക്ക് എത്താം. പൂർണ്ണഭക്തി ഇഷ്ടമുള്ളവൾ.

*ഭക്തിഗമ്യാ* - ഭക്തി എന്ന ഒന്ന് കൊണ്ട് മാത്രം പ്രാപിക്കുവാൻ സാധിക്കുന്നവൾ.

ദേവി ഒന്ന് മാത്രമേ ആവശ്യപ്പെടുന്നുള്ളൂ അഥവാ ഈശ്വര സാക്ഷാത്ക്കാരം നൽകാൻ ഒന്ന് മാത്രമേ നമ്മളിൽ ഉണ്ടോ എന്ന് നോക്കുന്നുള്ളൂ. അത് ഭക്തിയാണ്. ദേവിയ്ക്ക് നൽകാൻ ഭക്തി ഒന്ന് മാത്രം മതി. നമ്മുടെതായിട്ട് എന്തെല്ലാം ഉണ്ടോ അതെല്ലാം ദേവിയുടെതാണ്. ഗംഗയിലെ വെള്ളമെടുത്ത് ഗംഗയെ തർപ്പിക്കുന്നതുപോലെയും സൂര്യനാൽ ജ്വലിക്കുന്ന രത്നങ്ങളെടുത്ത് സൂര്യനെ നീരാജനം ഉഴിയുന്നതു പോലെയും ഈശ്വരൻ നൽകുന്ന വാക്കുകളാൽ കവികൾ ഈശ്വരനെ സ്തുതിക്കുന്ന

തുപോലെയും ഞാൻ ദേവി യാതൊന്ന് തരുന്നുവോ അതുകൊണ്ട് ദേവിയെ ആരാധിക്കുന്നു എന്ന് മനസ്സിലാക്കുന്ന അവസ്ഥയാണ് ഭക്തി. ഈ ഭക്തിയാൽ സാക്ഷാത്കരിക്കപ്പെടുവാൻ കഴിയുന്നവൾ.

*ഭക്തിവശ്യാ* - ഭക്തികൊണ്ടുതന്നെ വശീകരിക്കപ്പെടുന്നവൾ.

ദേവിയെക്കുറിച്ചല്ലാതെ വേറൊരു ചിന്തയില്ലാതെയും ദേവിയല്ലാതെ വേറൊരു ആവശ്യമില്ല എന്ന തോന്നലോടെയും ദേവിയുടെ പാദപദ്മങ്ങളെയല്ലാതെ വേറൊന്നും കാംക്ഷിക്കാതെയും ഊണിലും ഉറക്കത്തിലും ഉൺമയിലും ഇല്ലായ്മയിലും ദേവിയെ മാത്രം ആഗ്രഹിച്ചുകൊണ്ടും ഉള്ള അവസ്ഥയാണ് ഭക്തി. ഈ ഭക്തികൊണ്ട് ദേവി നമുക്ക് വശംഗതയാകുന്നു.

*ഭയാപഹാ* - ഭയത്തെ ഇല്ലാതാക്കുന്നവൾ

നമ്മുടെ എല്ലാവരുടെയും ഉള്ളിൽ അരക്ഷിതാവസ്ഥയുടെ തോന്നൽ ഉണ്ട്. അമ്മയുടെ ഗർഭപാത്രത്തിൽ നിന്നും വേർപെട്ട നിമിഷം മുതൽ ഈ ഭയം നമ്മളിൽ അന്തർനിഹിതമായി വർത്തിക്കുന്നു. അമ്മയുടെ ഗർഭപാത്രത്തിൽ ഉണ്ടായിരുന്ന ആ സുവർണ്ണകാലഘട്ടത്തിൽനിന്ന് അപാനവായുവിന്റെ തള്ളൽനിമിത്തം പുറത്തേയ്ക്കുവരാൻ നാം നിർബന്ധിതരായപ്പോൾ മുതൽ താൻ നിഷ്കാസിതനാക്കപ്പെട്ടവൻ എന്ന തോന്നൽ നമ്മളിൽ ഉണ്ടാകുന്നു. ഈ ഭയത്തെ ദേവി ഇല്ലാതാക്കും എന്നാണ് ഈ നാമം സൂചിപ്പിക്കുന്നത്.  ഈ ദേവിയെ ആരാധിച്ചാൽ അരക്ഷിതാവസ്ഥയിൽനിന്നുണ്ടായ ഭയം പോയ്പ്പോകും. കാരണം ദേവി സദാ നമുക്ക് താങ്ങും തണലുമായി വർത്തിക്കുന്നു. ഭ്രസ്സ്ഖലിതപാദാനാം ഭൂമിരേവാവലംബനം ത്വയി ജാതാപരാധാനാം ത്വമേവ ശരണം ശിവേ എന്ന മനസ്സിൽ തട്ടിയുള്ള പ്രാർത്ഥന ഒരു വലിയ സുരക്ഷിതാവസ്ഥ നമ്മളിൽ സംജാതമാക്കുന്നു.

*ശാംഭവീ* - ശംഭുവിന്റെ അവസ്ഥയെ തരുന്നവൾ. ശംഭുവിന്റെ പത്നി. ശാംഭവിദീക്ഷയെ തരുന്നവൾ. എട്ടു വയസ്സുള്ള പെൺകുട്ടിയുടെ രൂപത്തിലുള്ളവൾ.

ശം എന്നാൽ മംഗളം. മംഗളകരമായതിനെയെല്ലാം ജനിപ്പിക്കുന്നവൻ ആണ് ശംഭു. മംഗളം, ശാന്തി, സമാധാനം എന്നിവയ്ക്ക് കാരണക്കാരനായ ശിവന്റെ പത്നിയാണ് ശാംഭവി. ശാംഭവീ എന്നത് തന്ത്രശാസ്ത്രപ്രകാരമുള്ള  ഒരു മുദ്രയും കൂടിയാണ്. ശംഭുവിന്റെ അവസ്ഥാഭേദങ്ങളിൽ രണ്ട് മുദ്രകളാണുള്ളത്. ഒന്ന് ഭൈരവിയും മറ്റൊന്ന് ശാംഭവിയുമാണ്. കണ്ണ് തുറന്നിരിക്കുമ്പോൾ പുറത്ത് ഒന്നും കാണാതിരിക്കുകയും അകത്തെ ഒന്നിനെക്കുറിച്ചും അറിയാതിരിക്കുകയും അതേസമയം ഈശ്വരാനുഭൂതി ഉണ്ടാവുകയും ചെയ്യുക എന്നതാണ് ശാംഭവീമുദ്ര. ശാംഭവീമുദ്രയിൽ ലീന

നായിരിക്കുന്ന ശിവന്റെ ആ അവസ്ഥയെ തരുന്നവൾ എന്നും ഈ നാമത്തിന് അർത്ഥമുണ്ട്. അകത്തും പുറത്തും ഈശ്വരനെ കാണുകയും അതല്ലതെ വേറെ ഒന്നിനെയും കാണാതിരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ബോധതലം ശംഭുവിന്റെ അവസ്ഥയിൽ മുദ്രിതമായിത്തീരും. ഈ അവസ്ഥയെ പ്രദാനം ചെയ്യുന്നവളാണ് ലളിതാപരമേശ്വരി.

മുദം രാതി ഇതി മുദ്രാ. മുദം ആനന്ദം തരുന്നത് എന്നർത്ഥത്തിലാണ് മുദ്രാ എന്ന പദം. അതുകൊണ്ട് ശംഭുവിന്റെ അവസ്ഥയിലുള്ള ആനന്ദത്തെ തരുന്നവളാണ് ലളിതാദേവി എന്നർത്ഥത്തിലാണ് ശാംഭവി എന്ന നാമം.

തന്ത്രശാസ്ത്രത്തിലെ ഒരു ദീക്ഷാക്രമവും കൂടിയാണ് ശാംഭവീ. ആ ശാംഭവീ ദീക്ഷയെ തരുന്നവൾ എന്ന അർത്ഥവും കൂടിയുണ്ട് ഈ നാമത്തിന്. എട്ടു വയസ്സുകാരിയായ പെൺകുട്ടിയെയും ശാംഭവീ എന്ന് പറയും. എട്ടു വയസ്സുള്ള കന്യകയെ എവിടെ കണ്ടാലും അവരെല്ലാം ശാംഭവിമാരാണ്. ഇപ്രകാരം ലോകത്തിലെ ചെറിയകുട്ടി മുതൽ ലോകത്തിന്റെ ഉദ്ഭവസ്ഥാനമായി വർത്തിക്കുന്ന ശിവചൈതന്യം വരെയുള്ള എല്ലാം ഈ ലളിതാ പരമേശ്വരിയാണ് എന്ന് കാണിക്കുന്നതാണ് ശാംഭവീ എന്ന ഈ നാമം.

*ശാരദാരാധ്യാ* - പണ്ഡിതന്മാരാൽ ആരാധിക്കപ്പെടുവാൻ യോഗ്യയായവൾ. സരസ്വതിയാൽ ആരാധിക്കപ്പെടുന്നവൾ. ശരത്ത് ഋതുവിൽ ആരാധിക്കപ്പെടുന്നവൾ.

ശാരം അപ്പോൾ ജ്ഞാനം. ജ്ഞാനത്തെ ദാനം ചെയ്യുന്നവരെ ശരദന്മാർ എന്ന് പറയാം. അതുകൊണ്ട് പണ്ഡിതന്മാരാൽ ആരാധിക്കപ്പെടുന്നവളാണ് ദേവി. സരസ്വതിദേവിയും ജ്ഞാനത്തെ പ്രദാനം ചെയ്യും. അതിനാൽ സരസ്വതിദേവിയാലും ആരാധിക്കപ്പെടുന്നവളാണ് ലളിതാ പരമേശ്വരി, കൂടാതെ ശരത്ത് ഋതുവിൽ (നവരാത്രിക്കാലത്തും) ലളിതാ പരമേശ്വരി ആരാധിക്കുന്നുണ്ട്. അക്കാരണത്താലും ദേവിയെ ശാരദാരാധ്യാ എന്നു വിളിക്കുന്നു.

*ശർവാണീ* - ശർവ്വന്റ പത്നീ.

ശർവൻ എന്നാൽ ഭ്രമിതത്ത്വം. അതുകൊണ്ട് ഭ്രമീതത്ത്വരൂപത്തിലുള്ള ശിവന്റ പത്നിയായി വർത്തിക്കുന്നവൾ എന്ന അർത്ഥം വന്ന് ചേരുന്നു.

*ശർമദായിനീ* - സുഖം നൽകുന്നവൾ.

നമ്മുടെ ജീവിതത്തിൽ എന്തെല്ലാം സുഖമുണ്ടോ അതെല്ലാം തരുന്നത് ദേവിയാണ്.

(തുടരും)

ശ്രീ ഉത്പലദേവാചാര്യൻ രചിച്ച

# ശിവസ്തോത്രാവലി (5)

(ക്ഷേമരാജ ഭാഷ്യസഹിതം)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

(കഴിഞ്ഞലക്കം തുടർച്ച)

ശ്ലോകം 15

*ഭക്താനാം ഭവദദ്വൈതസിദ്ധ്യൈ കാ നോപപത്തയഃ*
*തദസിദ്ധ്യൈ നികൃഷ്ടാനാം കാനി നാവരണാനി വാ*

സാരം - അല്ലയോ പ്രഭോ! ഭക്തരെ സംബന്ധിച്ച് അദ്വൈതസിദ്ധിയിൽ ഏത് യുക്തികളാണ് പരിസമാപിക്കാത്തത്. നികൃഷ്ടന്മാർക്ക് ആകട്ടെ ഏത് യുക്തികളാണ് ആവരണങ്ങൾ അല്ലാത്തത്.

വ്യാഖ്യാനം - വ്യാഖ്യാതാനാം ഭക്താനാം ഭവദദ്വയസാധനായ കാ ന യുക്തയഃ, യതോ മൂഢൈരുദീര്യമാണാന്യപി ശിവാദ്വയദൂഷണാനി ദൂഷയിതൃസ്വഭാവ[1]ചിദ്രൂപശിവസ്വരൂപസിദ്ധിം വിനാ ന കാനിചിത്സ്യുരിതി യുക്ത്യാ ഭക്താനാം സാധനാന്യേവ പര്യവസ്യന്തി. നികൃഷ്ടാനാം തു - ഭേദമയാനാം തദസിദ്ധ്യൈ - ശിവദ്വയസാധനാഭാവായ കാനി നാവരണാനി - തീക്ഷ്ണതമയുക്ത്യസ്ത്രാണ്യപി സമാവേശരസവിപ്രുഷോപി, അനഭിജ്ഞത്വാദസഞ്ചേത്യമാനാനി മഹാന്ധകാര[2]പാതയിതൃണ്യേവ.

പരിഭാഷ - വ്യാഖ്യാനിക്കപ്പെട്ട ഭക്തന്മാർക്ക് അങ്ങയുടെ അദ്വയസാധനയ്ക്ക് എന്താണ് യുക്തികളല്ലാത്തത്. എന്താണോ മൂഢന്മാരാൽ പറയപ്പെട്ട, ശിവാദ്വവാദത്തെ ദൂഷിപ്പിക്കുന്നവയും, ദൂഷിതന്മാരുടെ സ്വഭാവവും ഈ ചിത്‌രൂപമായ ശിവസ്വരൂപമാണെന്ന് ഭക്തർ മനസ്സിലാക്കുന്നു. അപ്പോഴും ഭക്തന്മാരെ സംബന്ധിച്ച് അതും അദ്വൈതസിദ്ധിതന്നെയാണ്. നികൃഷ്ടന്മാർക്കാകട്ടെ (ഭേദശാലികൾക്ക്) ഇവയെല്ലാംതന്നെ ഈ

1. ദൂഷയത്‌സ്വഭാവ എന്ന് ഒരു പാഠം
2. മോഹാന്ധകാര എന്ന് ഒരു പാഠം

അസിദ്ധിക്ക് കാരണമാകുന്നു. അതായത് ശിവാദ്വയസാധത്തിന്റെ അ ഭാവത്തിന് ആവരണങ്ങളാകുന്നു. തീക്ഷ്ണമായ യുക്തികളും സമാവേശര സമായ വാക്കുകളും ഒക്കെയുണ്ടെങ്കിലും തിരിച്ചറിവില്ലായ്മ അവരെ അ ന്ധകാരത്തിലേക്ക് നയിക്കുന്നു.

ശ്ലോകം 16

*കദാചിത്ക്വാപി ലഭ്യോസി യോഗേനേതീശ വഞ്ചനാ*
*അന്യഥാ സർവ്വകക്ഷ്യാസു ഭാസി ഭക്തിമതാം കഥം.*

സാരം - അല്ലയോ സ്വാമി! ചില സമയത്ത് ചിലയിടത്ത് യോഗാ ഭ്യാസത്താൽ മാത്രമാണ് നിന്നെ പ്രാപിക്കാൻ കഴിയുള്ളൂ എന്നുള്ളത് വ ഞ്ചനയാണ്. എന്തെന്നാൽ ആ ഭക്തന്മാർക്ക് എല്ലാ അവസ്ഥയിലും നീ പ്രാപ്യമാണ്.

വ്യാഖ്യാനം - കദാചിത് - കസ്യാംചിത് സമാധിദശായാം, ക്വാപി - ഹൃദയചക്രാദൗ, യോഗേന - ചിത്തവൃത്തിനിരോധേന, ഈശ - സ്വാ മിൻ, അസി - ത്വം ലഭ്യഃ, ഇത്യേഷാ വഞ്ചനാ, അന്യഥാ സമാധിവ്യുത്ഥാ നാദ്യഭിമതാസു കക്ഷ്യാസു കഥം ഭക്തിമതാം പ്രകാശസെ.

പരിഭാഷ - ചില സമാധിദശയിങ്കൽ ഹൃദയചക്രാദികളിൽ ചിത്ത വൃത്തി നിരോധംകൊണ്ട് മാത്രമാണ് നിന്നെ പ്രാപിക്കാൻ കഴിയുന്നത് എന്നുള്ളത് വഞ്ചനയാണ്. അങ്ങനെയാണെങ്കിൽ സമാധിയിൽനിന്ന് വിട്ടിട്ടുള്ള ദശകളിലും എങ്ങനെയാണ് ഭക്തർക്ക് നീ പ്രകാശിക്കുന്നത്.

ശ്ലോകം 17

*പ്രത്യാഹാരാദ്യസംസ്പൃഷ്ടോ വിശേഷോസ്തി മഹാനയം*
*യോഗിഭ്യോ ഭക്തിഭാജാം യദ്വ്യുത്ഥാനേപി സമാഹിതാഃ*

സാരം - യോഗികളെ അപേക്ഷിച്ച് ഭക്തന്മാർക്കുള്ള വിശേഷം എ ന്തെന്നാൽ യോഗികൾക്ക് പ്രത്യാഹാരാദി യോഗസാധനകൊണ്ട് മാത്ര മാണ് സമാധിസ്ഥരാകാൻ കഴിയുന്നത്. എന്നാൽ ഭക്തർ എപ്പോഴും സാ ധാരണദശയിങ്കൽ പോലും സമാധിസ്ഥരാണ്.

വ്യാഖ്യാനം - വിശേഷേഭ്യ ഇന്ദ്രിയാണാം പ്രത്യാവൃത്യ നിയമനം പ്രത്യാഹാരഃ. ആദിശബ്ദാദ്ധ്യാനധാരണാദയഃ, തൈരസംസ്പൃഷ്ടഃ - അക ദർത്ഥിതഃ, തന്നിഷ്ഠേഭ്യോ യോഗിഭ്യോ മഹാൻ - അസാമാന്യഃ, വിശേ ഷഃ - അതിശയോ ഭക്തിഭാജാമസ്തി യദേതേ യോഗ്യപേക്ഷയാ വ്യുത്ഥാ നാഭിമതേപി സമയെ സമാഹിതാഃ -

*'മയ്യാവേശ്യ മനോ യേ മാം നിത്യയുക്താ ഉപാസതേ*
*ശ്രദ്ധയാ പരയോപേതാസ്തേ മേ യുക്തതമാ മതാഃ'*

(ഭഗവദ്ഗീത. അ12. ശ്ലോ.2)

ഇതി ശ്രീ ഗീതോക്തനീത്യാ നിത്യയുക്താഃ

പരിഭാഷ - ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്ന് തിരിച്ചെടുക്കൽ ആണ് പ്രത്യാഹാരം. ആദിശബ്ദംകൊണ്ട് ധ്യാനധാരണകളെ പറയുന്നു. ഭക്തർക്ക് ഈ ശരീരപീഡകൾ (പ്രത്യാഹാരധ്യാനധാരണകൾ) ഒന്നുമില്ലാതെതന്നെ യോഗികളിൽനിന്നുള്ള അസാമാന്യമായ വിശേഷം എന്തെന്നാൽ ഭക്തർ യോഗികളെ അപേക്ഷിച്ച് സാമാന്യദശയിങ്കലും എല്ലായ്പ്പോഴും അവർ സമാധിസ്ഥരാണ്.

*'മയ്യാവേശ്യ മനോ യേ മാം നിത്യയുക്താ ഉപസതേ*
*ശ്രദ്ധയാ പരയോപേതാസ്തേ മേ യുക്തതമാ മതാഃ*

(ഭഗവദ്ഗീത. അ.12 ശ്ലോ. 2)

ഈ ഭഗവദ്ഗീത ശ്ലോകപ്രകാരം അവർ (ഭക്തർ) നിത്യയുക്തന്മാരാണ്.

ശ്ലോകം 18

*ന യേഗോ ന തപോ നാർച്ചാക്രമഃ കോപി പ്രണീയതെ*
*അമായേ ശിവമാർഗേസ്മിൻ ഭക്തിരേകാ പ്രശസ്യതേ*

സാരം - മായാരഹിതമായ ശിവമാർഗത്തിങ്കൽ മായാസംബന്ധിയായ യോഗ, തപസ്സ്, അർച്ചനാക്രമം എന്നിവയൊന്നും സ്വാധീനം വഹിക്കുന്നില്ല. ശിവമാർഗത്തിൽ കേവലം ഭക്തി മാത്രമാണ് സർവശ്രേഷ്ഠമായി കണക്കാക്കുന്നത്.

വ്യാഖ്യാനം - ശിവമാർഗേ - പരേ ശാക്തേ പദേ. അസ്മിന്നിതി - നിരതിശയെ സ്വാനുഭവൈകസാക്ഷികേ മായീയനിയതയോഗാദ്യുപായപരിപാടീ ന കാചിദുപദിശ്യതേ. തസ്യാഃ മായാമയത്വേന അന്ധതമസപ്രഖ്യായാസ്തത്ര ശുദ്ധവിദ്യാപ്രകാശാതിശായിനീ ഉപായത്വാഭാവാത് ഭക്തിരേവ - പ്രതിഭാപ്രസാദനാത്മാ ഉക്തചരീ പ്രശസ്യതേ - ഉപായത്വേനോച്യതേ.

പരിഭാഷ - പരമമായ ശാക്തപദത്തിങ്കൽ നിരതിശയവും സ്വന്തം അനുഭവവും മാത്രം സാക്ഷിയായിട്ടുള്ള ആ പദത്തിങ്കൽ മായയാൽ നിയതമാക്കപ്പെട്ട യോഗാദി ഉപായജാലങ്ങളൊന്നും തന്നെ ശാസ്ത്രങ്ങളാൽ ഉപദേശിക്കപ്പെടുന്നില്ല. എന്തെന്നാൽ അവ മായാമയങ്ങളായ അന്ധത

മസ്സിന് തുല്യമായ ഈ യോഗാദി ഉപായങ്ങൾ ശുദ്ധവിദ്യാപ്രകാശങ്ങൾക്ക് അതീതമായ ഉപായങ്ങളല്ലാത്തതിനാൽ പ്രതിഭാപ്രസാദമായ ഭക്തി മാത്രമാണ് ഉപായമായി പറയുന്നത്.

ശ്ലോകം 19

*സർവതോ വിലസദ്ഭക്തിതേജോധ്വസ്താവൃതേർമമ*
*പ്രത്യക്ഷസർവഭാവസ്യ ചിന്താനാമപി നശ്യതു*

സാരം - അകത്തും പുറത്തുമായി വിലസുന്ന ഭക്തിപ്രകാശത്താൽ നശിപ്പിക്കപ്പെട്ട ആവരണത്തോടുകൂടിയ എന്റെ എല്ലാ ഭേദചിന്തകളും നശിക്കട്ടെ.

വ്യാഖ്യാനം - അന്തർബഹിശ്ച വിലസതാ ജൃംഭമാണേന ഭക്തിതേജസാ - സമാവേശപ്രകാശേന ധ്വസ്താ ആവൃതിഃ - അഖ്യാതിർയസ്യ. തത ഏവ മായീയഭ്രമിവിസ്മൃതേഃ പ്രത്യക്ഷാഃ - ഭൈരവമുദ്രാ പ്രവേശയുക്ത്യാ ആലോചനമാത്രഗോചരീഭൂതാഃ സർവേ ഭാവാഃ യസ്യ തസ്യ മമ ചിന്താ യാഃ - വികല്പവ്രാതസ്യ[3] നാമപി - അഭിധാനമപി നശ്യതു - നിത്യമേവ സാക്ഷാത്കൃതപരഭൈരവസ്വരൂപാനപ്രവിഷ്ടോ ഭൂയാസമിത്യർത്ഥഃ.

പരിഭാഷ - അകത്തും പുറത്തും വിലസുന്ന വിജൃംഭിച്ചുകൊണ്ടിരിക്കുന്ന ഭക്തിതേജസുകൊണ്ട് (സമാവേശപ്രകാശത്താൽ) നശിപ്പിക്കപ്പെട്ട എന്റെ അജ്ഞാനം, മായീയമായ ഭ്രമി വിസ്മരിക്കപ്പെട്ടതുകൊണ്ട് പ്രത്യക്ഷമായ, (ഭൈരവമുദ്രയിൽ പ്രവേശിച്ചതുകൊണ്ട്) ആലോചനാമാത്രയിൽതന്നെ എല്ലാ ഭാവങ്ങളും ലഭ്യമായ എന്റെ ഭേദചിന്തകളുടെ നാമങ്ങൾപോലും നശിക്കട്ടെ. നിത്യം സാക്ഷാത്ക്കരിക്കപ്പെട്ട പരഭൈരവസ്വരൂപം ലഭിച്ചവനായി തീരട്ടെ.

ശ്ലോകം 20

*ശിവ ഇത്യേക ശബ്ദസ്യ ജിഹ്വാഗ്രേ തിഷ്ഠതഃ[4] സദാ*
*സമസ്ത വിഷയാസ്വാദോ ഭക്തേഷ്വേവാസ്തി കോപ്യഹോ*

സാരം - നാസാഗ്രത്തിങ്കൽ എല്ലായ്പ്പോഴും ശിവശബ്ദം ഉള്ള ഭക്തന്മാരാണ് സമസ്ത വിഷയങ്ങളും ആസ്വദിക്കുന്നത്.

വ്യാഖ്യാനം - ഉക്തേഷ്വേവ ഭക്തേഷു യോ മഹാപ്രകാശമയനിജസ്വരൂപപരാമർശാത്മാ ശിവ ഇതി ഏകഃ - അസാമാന്യഃ സദാ ശബ്ദോസ്തി[5].

---

3. വികല്പവൃത്തസ്യ എന്ന് ഒരു പാഠം 4. വസതഃ എന്ന് ഒരു പാഠം
5. ശിവോസ്തി എന്ന് ഒരു പാഠം

അഹോ ആശ്ചര്യ തസ്യ ശബ്ദമാത്രസ്യാപി ഏകസ്യ[6] വിഷയസ്യ പരമാനന്ദവ്യാപിദായിത്വാത് സമസ്തവിഷയാസ്വാദഃ - ജഗദാനന്ദചമത്കാരഃ, കോപി - സ്വാനുഭവസിദ്ധോസ്തി. ഏകത്ര ച ശബ്ദലക്ഷണേ വിഷയേ ജിഹ്വാഗ്രവർത്തിനീ സമസ്തവിഷയാസ്വാദ ഇതി വിരോധച്ഛായാ.

പരിഭാഷ - മുൻപറയപ്പെട്ട ഭക്തന്മാർക്കാണോ മഹാപ്രകാശമയമായ തന്റെ സ്വരൂപം പരാമർശിക്കുന്ന 'ശിവ' എന്ന അസാമാന്യമായ ശബ്ദം എല്ലായ്പ്പോഴും നാസാഗ്രത്തിങ്കൽ വിലസുന്നത്, ആ ഒരു ശബ്ദത്തിന്റെതന്നെ വിഷയം പരമാനന്ദവ്യാപ്തി തരുന്നതാണ്. അതായത് സ്വന്തം അനുഭവത്തിൽതന്നെ ജഗദാനന്ദചമത്ക്കാരത്തെ വെളിവാക്കിത്തരുന്നതാണ്. ഒറ്റ ശബ്ദലക്ഷണത്താൽ ജിഹ്വാഗ്രവർത്തിയായ വിഷയംകൊണ്ട് സമസ്തവിഷയങ്ങളുടേയും ആസ്വാദനം ഉണ്ടാകുന്നു എന്ന് വിരോധച്ഛായാ.

6. ഏകകസ്യ എന്ന് ഒരു പാഠം

---

ഔഷധസസ്യങ്ങൾ -24

# ആര്യവേപ്പ്

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ 0480 2832108

ആസേതുഹിമാചലം സർവ്വസാധാരണമായി വളരുന്ന ഔഷധസസ്യമാണ് വേപ്പ്. ഇതിന്റെ തൊലി, ഇല, വിത്ത്, വിത്തിൽനിന്ന് ലഭിയ്ക്കുന്ന തൈലം എന്നിവ ആയുർവേദത്തിൽ ഔഷധമായി പുരാതനകാലം മുതൽ ഉപയോഗിച്ചുവരുന്നു.

മിലയേസി കുടുംബത്തിൽപ്പെട്ട വേപ്പിന്റെ ശാസ്ത്രനാമം അസഡി റാക്റ്റ ഇൻഡിക്ക എന്നാണ്. സംസ്കൃതത്തിൽ നിംബം, തിക്തകം തുടങ്ങിയപേരുകളിൽ അറിയപ്പെടുന്നു.

'അഭിധാനമഞ്ജരി' എന്ന ആയുർവേദഗ്രന്ഥത്തിൽ നിംബ, മഹാനിംബ, കൃഷ്ണനിംബ എന്നിങ്ങനെ മൂന്നു തരം വേപ്പുകളെപ്പറ്റി വിവരിച്ചിട്ടുണ്ട്.

ഔഷധഗുണം - രക്തശുദ്ധി ഉണ്ടാക്കുന്നു. ചർമ്മരോഗങ്ങൾ സുഖപ്പെടുത്തുന്നു. പിത്തം, കഫം ഇവയെ ഇല്ലായ്മ ചെയ്യുന്നു.

വിത്തിൽനിന്നും ലഭിക്കുന്ന തൈലം ഉദരകൃമി നശിപ്പിക്കുന്നു.

ആര്യവേപ്പിലനീര് 10 മി.ലി. സമം തേനും ചേർത്ത് രാവിലെയും വൈകീട്ടും സേവിച്ചാൽ മഞ്ഞപിത്തം ഉദരകൃമി തുടങ്ങിയ അസുഖങ്ങൾ ഭേദമാകും.

വേപ്പിലയും മഞ്ഞളും കൂട്ടിയരച്ച മിശ്രിതം വിഷജന്തുക്കൾ കടിച്ച മുറിവായിൽ പുരട്ടുന്നത് വിഷശമനത്തിനും അതിൽനിന്നുള്ള മറ്റു ഉപദ്രവങ്ങൾ ഇല്ലാതിരിയ്ക്കാനും ഉപയോഗിയ്ക്കുന്നു. ഈ ലേപം ചൊറി, ചിരങ്ങ്, ഇവയ്ക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

ഇലയുടേയും പട്ടയുടേയും കഷായമുപയോഗിച്ച് വ്രണങ്ങൾ, ചർമ്മരോഗങ്ങൾ തുടങ്ങിയവ വൃത്തിയാക്കാനുമുപയോഗിക്കുന്നു. മസൂരി, ലഘുമസൂരി രോഗികൾക്ക് ചൊറിച്ചിലനുഭവപ്പെടുമ്പോൾ വേപ്പിലകൊണ്ട് ഉരസ്സുമ്പോൾ വല്ലാത്ത സുഖമനുഭവപ്പെടുന്നു. തുടർച്ചയായി ഇതിന്റെ ഇല കടിച്ചുതിന്നാൽ പ്രമേഹം ഭേദമാകും. സർവ്വോപരി 'രോഗാണുനാശിനി' എന്നാണ് ആര്യവേപ്പ് അറിയപ്പെടുന്നത്.

---

# കുട്ടികളുടെ വാല്മീകിരാമായണം 18



ഉണ്ണികൃഷ്ണൻ കിഴുത്താനി
ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞലക്കം തുടർച്ച)

തന്റെ മൂന്നു അമ്മമാരേയും തുല്യമായി കണ്ട്, അവരുടെ സ്നേഹവാത്സല്യങ്ങൾ ആവോളം അനുഭവിച്ചിരുന്ന ശ്രീരാമനെ കൈകേയിയും സ്വന്തം പുത്രനോളം ഇഷ്ടപ്പെട്ടിരുന്നു. പക്ഷേ, അസ്ത്ര-ശസ്ത്രങ്ങളേക്കാൾ കഠിനവും ക്രൂരവുമായ മന്ഥരയുടെ നിരന്തരമായ വാക് പ്രയോഗങ്ങളിൽ വീണുപോകാനായിരുന്നു അവരുടെ നിയോഗം. സന്തുഷ്ടനായി ശ്രീരാമചന്ദ്രന്റെ പട്ടാഭിഷേകത്തെക്കുറിച്ചു മഹാറാണിയെ അറിയിയ്ക്കാനായി അന്തഃപുരത്തിലെത്തിയ ദശരഥനെ എതിരേറ്റത് കൈകേയിയുടെ അതിദാരുണമായ മനംമാറ്റമായിരുന്നു. ദേവാസുരയുദ്ധത്തിൽ ദേവേന്ദ്രന്റെ ക്ഷണമനുസരിച്ച് സ്വർഗ്ഗത്തിലെത്തിയ ദശരഥനെ ആപത്തിൽനിന്ന് സന്ദർഭോചിതമായി കൈകേയി രക്ഷപ്പെടുത്തി. അതിന് പ്രത്യുപകാരമായി എപ്പോൾ ആവശ്യപ്പെട്ടാലും നൽകാമെന്ന വ്യവസ്ഥയിൽ രണ്ട് വരങ്ങൾ നൽകുകയും ചെയ്തു. രാമനുപകരം സ്വന്തം പുത്രനായ ഭരതന്

രാജ്യഭാരം നല്കണമെന്നും ശ്രീരാമൻ താപസനായി പതിനാലു സംവത്സരം ദണ്ഡകാരണ്യത്തിൽ വസിയ്ക്കണമെന്നുമായിരുന്നു കൈകേയി ആവശ്യപ്പെട്ട ആ വരങ്ങൾ. സന്താനഭാഗ്യമില്ലാതെ, നിരന്തരം ഈശ്വരപ്രാർത്ഥനയുമായി കഴിഞ്ഞിരുന്ന തനിയ്ക്ക് വാർദ്ധക്യകാലത്ത് കൈവന്ന മോക്ഷപ്രാപ്തിയായിരുന്നു ദശരഥനെ സംബന്ധിച്ചിടത്തോളം ഈ സന്താനങ്ങൾ. അവരിൽ മൂത്തപുത്രനായ രാമനെ പ്രാണനുതുല്യമായിട്ടായിരുന്നു മഹാരാജാവ് സ്നേഹിച്ചിരുന്നത്. അപ്രകാരമുള്ള പുത്രനെ പിരിഞ്ഞിരിയ്ക്കുക അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഓർക്കാൻകൂടി പ്രയാസമായിരുന്നു. പക്ഷേ, പ്രിയപത്നിയുടെ ആവശ്യം നിരാകരിയ്ക്കുക അസാദ്ധ്യവുമായിരുന്നു. ചുരുക്കത്തിൽ കച്ചിട്ടിറക്കാനും വയ്യ; മധുരിച്ചിട്ടു തുപ്പാനും വയ്യാത്ത അവസ്ഥയിലായി മഹാരാജാവ്. എന്നാൽ സത്യത്തെ മുറുകെ പിടിയ്ക്കുന്ന, വംശാവലിയുടെ യശസ്സ് കാത്തുസൂക്ഷിയ്ക്കേണ്ട ബാദ്ധ്യതയും അദ്ദേഹത്തിന്റേതാണല്ലോ? മാനസികവും ശാരീരികവുമായി ആകെ തളർന്നുപോയ ദശരഥമഹാരാജാവിന്റെ സത്യം പരിപാലിയ്ക്കാനുള്ള ബാദ്ധ്യത മൂത്തപുത്രനായ തന്നിൽ നിക്ഷിപ്തമാണെന്നറിയുന്ന ശ്രീരാമൻ തനിയ്ക്ക് കൈവന്ന സമസ്ത ഐശ്വര്യങ്ങളും ഉപേക്ഷിച്ച് ഉടൻ വനവാസത്തിന് പോകാൻ തയ്യാറായി. ഇക്ഷ്വാകുവംശത്തിന്റെ ധർമ്മപരിപാലനം പൂർത്തിയാക്കി.

പിതാവിന്റെ ആശയാഭിലാഷങ്ങൾ പൂർത്തീകരിയ്ക്കുന്നവനാണ് യഥാർത്ഥപുത്രൻ എന്നറിയാവുന്ന ശ്രീരാമചന്ദ്രനെ സംബന്ധിച്ചിടത്തോളം ഈ സന്ദർഭം തികച്ചുമൊരനുഗ്രഹം തന്നെയായിരുന്നു. നിരവധി ദൗത്യങ്ങൾ, കർത്തവ്യങ്ങൾ അദ്ദേഹത്തെ കാത്തുകെട്ടി യുഗങ്ങൾ കടന്നുപോയ കാര്യമുണ്ടോ ആരെങ്കിലുമറിയുന്നു! സമ്പൽസമൃദ്ധിയിലും രാജകൊട്ടാരത്തിലും വസിയ്ക്കുന്നതിനേക്കാൾ കാട്ടിലായാലും നാട്ടിലായാലും തന്നിൽ അർപ്പിതമായ കർമ്മാനുഷ്ഠാനങ്ങൾ നിറവേറ്റുമ്പോൾ മാത്രമാണ് താൻ താനായിത്തീരുക എന്ന ഉത്തമബോദ്ധ്യമുള്ള ശ്രീരാമൻ ഭാരതീയ സംസ്കൃതിയുടെ കറകളഞ്ഞ പ്രതിരൂപമാണ്. ഇന്നത്തെ തലമുറയെപ്പോലെ എപ്പോഴും പറക്കുന്നതിനെ പിടിയ്ക്കാനാഗ്രഹിക്കാതെ തന്റെ പാരമ്പര്യത്തിന്റെ പിൻതുടർച്ചയ്ക്കനുസൃതമായി സമൂഹത്തിന്റെ അഭ്യുന്നതിയ്ക്കായി അക്ഷീണം പ്രയത്നിയ്ക്കണമെന്ന് വാല്മീകിരാമായണം ഊന്നിപ്പറയുന്നു. വിശിഷ്യ ശ്രീരാമന്റെ കഥാപാത്രസൃഷ്ടിയിലൂടെ മനുഷ്യനന്മ പരമാവധി പ്രയോജനപ്പെടുത്തുക എന്ന കർത്തവ്യം നമ്മളോരോരുത്തരും ഏറ്റെടുക്കണമെന്ന് കൃതകൃത്യനായ മഹർഷിവര്യൻ ബോദ്ധ്യപ്പെടുത്തുന്ന വസ്തുത 'ശാംഭവി'യുടെ പ്രിയപ്പെട്ട കൊച്ചുകുട്ടുകാർ മനസ്സിലാക്കിക്കാണുമല്ലോ.

(തുടരും)

ശ്രീമദപ്പയ്യദീക്ഷതകൃതമായ

# ദുർഗ്ഗാചന്ദ്രകലാസ്തുതിഃ (3)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

(കഴിഞ്ഞലക്കം തുടർച്ച)

ഇതുകേട്ട ത്രിമൂർത്തികൾ കോപിഷ്ഠരാകുകയും അവരിൽനിന്നും പുറത്തുവന്ന ക്രോധചൈതന്യം ഒരു ദേവീരൂപം കൈക്കൊള്ളുകയും ചെയ്തു.

4. *പ്രാലേയശൈലതനയാ തനുകാന്തിസംപത്-*
*കോശോദിതാ കുവലയച്ഛവിചാരുദേഹാ*
*നാരായണീ നമദഭീപ്സിതകല്പവല്ലീ*
*സുപ്രീതിമാവഹതു സുംഭനിസംഭഹന്ത്രീ*

അർത്ഥം - പ്രാലേയശൈലതനയാ = ഹിമവാന്റെ മകളായ, തനുകാന്തിസംപത്കോശോദിത = ശരീരകാന്തിയുടെ വൈശിഷ്ട്യത്തോടുകൂടി കോശത്തിൽനിന്നുദിച്ചവളായ, കുവലയച്ഛവി ചാരുദേഹാ = കരിങ്കുവളപ്പൂവിന്റെ നിറത്തോടുകൂടിയ മനോഹരമായ ശരീരത്തോടും കൂടിയവളായ, നമദഭീപ്സിതകല്പവല്ലീ = തന്നെ നമിക്കുന്നവർക്ക് അഭീഷ്ടങ്ങളെ സാധിച്ചുകൊടുക്കുന്നവളായ കല്പവല്ലി, സുംഭനിസുംഭഹന്ത്രി = സുംഭനിസുംഭന്മാരെ വധിച്ചവളായ നാരായണി, സുപ്രീതിമാവഹതു = സന്തോഷത്തെ കൊണ്ടുവരട്ടെ.

സാരം - ഹിമവത്പുത്രിയായ പാർവ്വതീദേവിയുടെ മനോഹരമായ ശരീരകോശത്തിൽനിന്നും ഉദിച്ചവളും, കരിങ്കുവളപ്പൂവിന്റെ നിറമുള്ള അതിസുന്ദരമായ ശരീരത്തോടുകൂടിയവളും, തന്നെ നമിക്കുന്നവർക്ക് അഭീഷ്ടങ്ങളെ പ്രദാനം ചെയ്യുന്നവളും സുംഭനിസുംഭന്മാരെ വധിച്ചവളുമായ ആ നാരായണീദേവി എന്നിൽ സന്തോഷത്തെ കൊണ്ടുവരട്ടെ.

വ്യാഖ്യാനം - ഈ ശ്ലോകംകൊണ്ട് ദേവീമാഹാത്മ്യത്തിലെ 5-ാം അദ്ധ്യായം മുതൽ 11-ാം അദ്ധ്യായംവരെ വർണ്ണിച്ചിട്ടുള്ള പ്രധാന ദേവതയായ കൗശികീ ദേവിയെയാണ് സ്തുതിച്ചിട്ടുള്ളത്.

(തുടരും)

# കാശ്മീര ശൈവസമ്പ്രദായം (6)
## [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞലക്കം തുടർച്ച)

മുൻപറഞ്ഞവയൊക്കെയാണ് പരമാദ്വയവാദത്തിലെ പ്രധാനസിദ്ധാന്തങ്ങൾ. ഇനി ചില പ്രധാനഗ്രന്ഥങ്ങളേയും ആചാര്യപരമ്പരയേയും പരിചയപ്പെടാം.

### 1. ശിവസൂത്രം : വസുഗുപ്തൻ (9 A.D.)

കാശ്മീരശൈവസിദ്ധാന്തത്തലെ ഏറ്റവും പഴയഗ്രന്ഥമായി കണക്കാക്കപ്പെടുന്നതാണ് വസുഗുപ്താചാര്യരുടെ ശിവസൂത്രം. ശിവസൂത്രത്തിന്റെ ഉത്ഭവവുമായി ബന്ധപ്പെട്ട് പരമ്പരാഗതമായി വിശ്വസിച്ചുവരുന്ന ഒരു ഐതിഹ്യമുണ്ട്. അതായത് വസുഗുപ്തന് ശിവൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുകയും മഹാദേവപർവ്വതത്തിനു മുകളിൽ ഒരു ശിലയിൽ സൂത്രങ്ങൾ ആലേഖനം ചെയ്തതായി കാണിച്ചുകൊടുക്കുകയും ചെയ്തു. ഉറക്കമുണർന്ന വസുഗുപ്തൻ ആ ശിലതേടി കണ്ടെത്തുകയും അതിൽ എഴുതിവച്ച സൂത്രങ്ങൾ പകർത്തുകയും ചെയ്തു. അവയാണത്രെ ശിവസൂത്രങ്ങൾ. വസുഗുപ്തനാൽ എഴുതപ്പെട്ട ശിവസൂത്രത്തിൽ മൂന്നു ഉന്മേഷങ്ങളാണുള്ളത്. മൂന്ന് ഉന്മേഷത്തിലും കൂടി ആകെ 77 സൂത്രങ്ങൾ. ഈ മൂന്നു ഉന്മേഷങ്ങൾ ക്രമേണ ആണവ, ശാക്ത, ശാംഭവോപായ രഹസ്യങ്ങളുടെ ക്രോഡീകരണമാണെന്ന് പറയപ്പെടുന്നു. കാശ്മീരശൈവദർശനത്തിന്റെ ആധാരഭൂതമായ ഗ്രന്ഥമാണ് ശിവസൂത്രം.

പ്രഥമ ഉന്മേഷം ആരംഭിക്കുന്നതുതന്നെ ആത്മസ്വരൂപം പറഞ്ഞുകൊണ്ടാണ്. 'ചൈതന്യമാത്മാ' എന്നാണ് പ്രഥമസൂത്രം. പിന്നീട് വരുന്ന ചില ഉദാത്തമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന സൂത്രങ്ങളാണ് ജ്ഞാനം ബന്ധഃ, ഉദ്യമോ ഭൈരവഃ, ചിത്തം മന്ത്രഃ, പ്രയത്നഃ സാധകഃ, ഗുരുരുപായഃ, ശരീരം ഹവിഃ, നർത്തക ആത്മാ രംഗോന്തരാത്മാ, കഥാ ജപഃ എന്നിവ.

## വ്യാഖ്യാനങ്ങൾ

ശിവസൂത്രത്തിന് പ്രധാനമായും 4 വ്യാഖ്യാനങ്ങളുണ്ട്. (1) ഭട്ട കല്ലട ന്റെ ശിവസൂത്രവൃത്തി (2) ഭട്ടഭാസ്കരന്റെ ശിവസൂത്രവാർത്തികം (3) ക്ഷേമ രാജന്റെ ശിവസൂത്രവിമർശിനീ (4) വരദരാജന്റെ ശിവസൂത്രവാർത്തികം എന്നിവയാണവ.

## സ്പന്ദകാരികാ

വസുഗുപ്തനാൽതന്നെ എഴുതപ്പെട്ട മറ്റൊരു ഗ്രന്ഥമാണ് സ്പന്ദകാരി കാ. സ്പന്ദകാരികയുടെ കർത്തൃത്വത്തെപ്പറ്റി ചില അഭിപ്രായവ്യത്യാസ ങ്ങൾ നിലനില്ക്കുന്നതു കാണാം. ഉല്പല വൈഷ്ണവന്റെ അഭിപ്രായത്തിൽ കല്ലടനാണ് സ്പന്ദകാരികയുടെ കർത്താവ്. എന്നാൽ അഭിനവഗുപ്തന്റെ ശിഷ്യനായ ക്ഷേമരാജന്റെ അഭിപ്രായത്തിൽ വസുഗുപ്തൻതന്നെയാണ് ഇതിന്റെ കർത്താവ്. പിന്നീട് ക്ഷേരാജന്റെ അഭിപ്രായംതന്നെ മഹേശ്വ രാനന്ദൻ തുടങ്ങിയവർ പിൻപറ്റുന്നതായും കാണാം.

ശിവസൂത്രത്തിന്റെ സാരമാണ് സ്പന്ദകാരികാ. 51 കാരികകളിലായി ശിവസൂത്രത്തിന്റെ ആന്തരികാർത്ഥത്തെ സ്പന്ദകാരികയിൽ സംഗ്രഹി ച്ചിരിക്കുന്നു. പിന്നീട് സ്പന്ദം എന്നുള്ളത് വേറൊരു ശാസ്ത്രശാഖയായിത്ത ന്നെ വളർന്നുവരുന്നതു കാണാം. സ്പന്ദകാരിക ആരംഭിക്കുന്നത് ഇങ്ങനെ യാണ്.

*യസ്യോന്മേഷ നിമേഷാഭ്യാം ജഗതഃ പ്രളയോദയൗ*
*തം ശക്തിചക്രവിഭവപ്രഭവം ശങ്കരം സ്തുമഃ*

(യാതൊരാളുടെ (ശിവന്റെ) ഉന്മേഷനിമേഷങ്ങളാണോ പ്രപഞ്ച ത്തിന്റെ ഉത്ഭവത്തിനും നാശത്തിനും കാരണമാവുന്നത് അങ്ങനെയുള്ള ശക്തിചക്രങ്ങളുടെ ഉത്ഭവത്തിന് ആധാരഭൂതനായ ശിവനെ ഞാൻ നമി ക്കുന്നു.

സ്പന്ദകാരികയ്ക്ക് ഒരുപാട് വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ

(1) ഭട്ടകല്ലടന്റെ വൃത്തി (2) രാമകണ്ഠന്റെ വൃത്തി (3) ക്ഷേമരാജന്റെ സ്പ ന്ദനിർണ്ണയം (4) ഉത്പലാചാര്യന്റെ സ്പന്ദപ്രദീപികാ തുടങ്ങിയവയാണ്.

## ഭട്ടകല്ലടൻ (855 AD)

വസുഗുപ്തന്റെ ശിഷ്യനാണ് ഭട്ടകല്ലടൻ. അദ്ദേഹത്തിന്റെ ജീവിത ത്തെക്കുറിച്ച് അറിവുകളൊന്നും ഇന്ന് ലഭ്യമല്ല. തെളിവുകളായി അവശേ ഷിക്കുന്നത് അദ്ദേഹത്തിന്റെ ചില കൃതികൾ മാത്രമാണ്. അവ താഴെ

പറയുന്നവയാണ്.

(1) സ്പന്ദസർവ്വസ്വം (2) തത്വാർത്ഥചിന്താമണി (3) സ്പന്ദസൂത്രം (4) മധുവാഹിനീ

'സ്പദി കിഞ്ചിത് ചലനേ' എന്ന ധാതുവിൽനിന്നാണ് സ്പന്ദം എന്ന വാക്കുണ്ടാവുന്നത്. ചെറുതായിട്ടുള്ള ചലനം എന്നർത്ഥം. പരമമായ ബോധത്തിൽ ഉണ്ടാവുന്ന ഈ ചെറുസ്പന്ദത്തേയാണ് ശക്തി എന്നു വിളിക്കുന്നത്. ശക്തിസ്പന്ദമാണ് പ്രപഞ്ചോത്പത്തിയ്ക്ക് കാരണം.

(തുടരും)

---

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (5)

(ശ്രീമദ്യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

(കഴിഞ്ഞലക്കം തുടർച്ച)

ഇത്ഥമപി സർവ്വേഷാമയമാത്മാ വിശ്വപ്രപഞ്ചസ്വഭാവ ഏവ സംവിന്മാത്രപരമാർത്ഥഃ സർവ്വാവഭാസഃ സർവ്വത്ര സംവിദനുഗമാദിതി യുക്ത്യാഗമാഭ്യാം പ്രതിപാദിതശ്ചേത് കിമിതിലോഷ്ടാദാവപ്യവിശേഷാത് സ്വാത്മാതയാ സ ന പ്രതീയതേ/ഭ്യുപഗമേ വാ ജഡാജഡവ്യവസ്ഥേയം ഭാസമാനാ ന സംഗച്ഛതേ ലോകവ്യവഹാരശ്ച ജഡാജഡരൂപ ഇതി കഥമേതത് സ്യാദിത്യാഹ

*8. രാഹുരദൃശ്യോപി യഥാ ശശിബിംബസ്ഥഃ പ്രകാശതേ തദ്വത്.*
*സർവ്വഗതോ/പ്യയമാത്മാ വിഷയാശ്രയണേ ന ധീമുകുരോ*

സാരം - ഇപ്രകാരം ഇക്കാണുന്ന വിശ്വത്തെ മുഴുവൻ വിസ്തരിപ്പിക്കുന്ന സ്വഭാവത്തോടുകൂടിയതായ (വിശ്വത്തിന്റെ വൈവിധ്യത്തിനു കാരണമായി) ആ പരമ സംവിത് സ്വരൂപം എല്ലായിടത്തും പ്രകാശിപ്പിക്കപ്പെടുന്നുവെന്നത് യുക്തികൊണ്ടും ആഗമപ്രമാണ്യംകൊണ്ടും തെളിയക്കപ്പെട്ടുകഴിഞ്ഞു. അങ്ങനെ വരികിൽ മണ്ണ്, മൺകട്ട എന്നീ ജഡങ്ങളെന്ന്

വ്യവഹരിച്ചുവരുന്ന വസ്തുക്കളിൽ ഈ പരമമായ സ്വരൂപം എന്തുകൊണ്ട് പ്രകാശിക്കപ്പെടുന്നില്ല? ഇനി ഇപ്പറയുന്ന വസ്തുക്കളിലും അത് പ്രകാശിപ്പിക്കപ്പെടുന്നുവെങ്കിൽ ജീവനുള്ളതും ജീവനില്ലാത്തതുമായ വസ്തുക്കളോടുകൂടിയ ഈ പ്രപഞ്ചത്തിന് അത് അപവാദമാകില്ലേ? ഇതിനുള്ള ഉത്തരം ഇനി പറയുന്നു.

അദൃശ്യനായ രാഹു ഏതു പ്രകാരമാണോ ചന്ദ്രബിംബത്തിൽ പ്രകാശിക്കുന്നത് അപ്രകാരം തന്നെ സർവ്വവ്യാപിയായ ഈ പരംബോധസ്വരൂപം വിഷയരൂപിയായി ബുദ്ധി ദർപ്പണത്തിൽ പ്രകാശിക്കുന്നു.

വിവൃതി - ആകാശദേശേ രാഹുഃ സർവ്വത്ര പരിഭ്രമന്നപി നോപലഭ്യതേ സ ഏവ പുനർഗ്രഹോപരാഗകാലേ ചന്ദ്രമൂർത്തിസ്ഥഃ പ്രഥമാനോഽയം രാഹുരിതി പരീക്ഷ്യതേഽന്യഥാ സ്ഥിതേഽപി ഭചക്രേഽസ്ഥിത ഇവ. തഥൈവേഹാപി. സർവ്വാന്തരതമത്വേന സ്ഥിതോഽപി അയമാത്മാ സ്വാനുഭവൈക സ്വരൂപതയാ പ്രത്യക്ഷ പരിദൃശ്യമാനഃ സർവ്വസ്യ തഥാ നോപലക്ഷ്യതേ. യഥാ പുനഃ പുര്യഷ്ടകപ്രമാതൃണാം ബുദ്ധിദർപ്പണേ പ്രതിഭാമുകുരേ ഗ്രാഹ്യവ്യവസ്ഥാകാലേ ശബ്ദാദിവിഷയ സ്വീകാരേണ ശൃണോമീത്യേവമഹം പ്രതീതിവിഷയോ ഭവതി തദാഗ്രാഹകസ്വഭാവതയാ ലോഷ്ടാദാവപി സ്ഥിതഃ സൻ സ്ഫുടരൂപസ്തത്രൈവ സ്വാത്മാ പ്രകാശതേ സർവ്വൈശ്ച സ്വാനുഭവൈകരൂപഃ പ്രതീയതേ ലോഷ്ടാദാവത്യന്തതമോമയത്വാത് സ്ഥിതോഽപ്യസ്ഥിതകല്പോഽസൗ പ്രഥതേ രാഹുരാകാശേ യഥാ. ഏവമയം ഭഗവാൻ മായാശക്ത്യാ സ്വാത്മകല്പേഽപി ഭാവവർഗ്ഗേ കാംശ്ചിത്പുര്യഷ്ടകസ്വരൂപാൻ വേദ്യഖണ്ഡാനപ്യഹന്താവ്യവസ്ഥാരസാഭിഷിക്താൻ വേദകീകരോതി കാംശ്ചിദ്വേദ്യീകരോതി യദപേക്ഷയാഽയം ജഡാജഡവ്യവസ്ഥാസ്വരൂപോഭേദവ്യവഹാരഃ സുസ്ഥിതഃ ഏവോപപദ്യതേ. തേന ലോഷ്ടാദിർവേദ്യത്വാജ്ജഡോ വേദകത്വാത് പുര്യഷ്ടകപ്രമാതാപ്യജഡഃ ന പുനഃ പരമാർത്ഥേന പരമേശ്വരാപേക്ഷയാ ജഡാജഡവ്യവഹാര ഇതി.

പരിഭാഷ - ആകാശത്തിൽ രാഹു സദാസമയവും കറങ്ങിക്കൊണ്ടിരിക്കുകയാണെങ്കിലും അത് സാധാരണ സമയത്ത് നമുക്ക് ദൃശ്യമാകുന്നില്ല. ചന്ദ്രഗ്രഹണസമയത്ത് ചന്ദ്രബിംബത്തിൽ മാത്രമാണ് രാഹു പ്രത്യക്ഷമാകുന്നത്. അല്ലാത്ത സമയങ്ങളിൽ അതിന്റെ ഭ്രമണചക്രത്തിൽ ഉണ്ടായിട്ടുകൂടി ഇല്ലാത്തപോലെയാണ് പ്രതീതമാകുന്നത്. അതേപ്രകാരം

ഈ പരമാത്മാവ് എല്ലാറ്റിന്റെയും ഉള്ളിൽ സ്ഥിതിചെയ്തിട്ടും എല്ലാവരാലും സ്വാനുഭവരൂപേണ പ്രത്യക്ഷമായിട്ടും എല്ലാവരും അതിനെ എല്ലായിടത്തും അനുഭവിക്കുന്നില്ല. എന്നാൽ ഇത് വീണ്ടും പുര്യഷ്ടകപ്രമാതാക്കളുടെ ബുദ്ധിദർപ്പണത്തിൽ* (ബുദ്ധിയിൽ) ശബ്ദാദിവിഷയങ്ങളിലൂടെ (പഞ്ചേന്ദ്രിയങ്ങളുടെ സ്വീകരണത്തിലൂടെ) വിഷയസ്വരൂപത്താൽ അനുഭവവേദ്യമാകുന്നു. അങ്ങനെ മണ്ണ് തുടങ്ങിയ ജഡവസ്തുക്കളിലും ഇത് പ്രകാശിക്കുന്നു. ഈ പരമബോധസ്വരൂപം ജഡവസ്തുക്കളിലും സ്ഥിതിചെയ്യുന്നുണ്ട്. എന്നാൽ മണ്ണ്, മൺകട്ട മുതലായവയിൽ തമോ ഗുണത്തിന്റെ ആധിക്യം ഉള്ളതിനാൽ ആകാശമണ്ഡലത്തിലെ രാഹുവിനെപോലെ ഇതും ദൃശ്യമാകാതെ നിലനില്ക്കുന്നു. പരം ബോധസ്വരൂപം സ്വന്തം സ്വാതന്ത്ര്യമാകുന്ന മായാശക്തിയാൽ ചിലവയെ വേദ്യസ്വരൂപത്തോടുകൂടി വേദകങ്ങ(subject)ളാക്കുകയും മറ്റു ചിലവയെ വേദ്യ(object)ങ്ങളാക്കുകയും ചെയ്യുന്നു. ഇപ്രകാരം ജഡം ചേതനം എന്നീ അവസ്ഥാന്തരങ്ങളുണ്ടാകുന്നു. അങ്ങനെ മൺകട്ട മുതലായവ വേദ്യമായതിനാൽ ജഡമാകുകയും അതിനെ അറിയുന്ന പുര്യഷ്ടകപ്രമാതാവ് വേദകമായി ചേതനമായിരിക്കുകയും ചെയ്യുന്നു.

---

* 8 പുരികളിലായി (സങ്കേതങ്ങളിലായി) വസിക്കുന്ന ജീവനെയാണ് പുര്യഷ്ടകപ്രമാതാവ് എന്നു പറയുന്നത്. ഇവയെ വിവിധ ഗ്രന്ഥങ്ങളിൽ പല രീതിയിൽ പ്രതിപാദിച്ചിരിക്കുന്നു.

ബ്രഹ്മപുരാണത്തിൽ -

*ഭൂതേന്ദ്രിയമനോബുദ്ധിർവ്വാസനാകർമ്മവായവ*
*അവിദ്യാ ചാഷ്ടകം പ്രോക്തം പുര്യഷ്ടകമൃഷിസത്തമൈ*

ശ്രീമദഭിനവഗുപ്തപാദർ അദ്ദേഹത്തിന്റെ വേറൊരു മഹത്തായ കൃതിയായ ഈശ്വരപ്രത്യഭിജ്ഞാവിമർശിനിയിൽ രണ്ടു തരത്തിൽ പുര്യഷ്ടകങ്ങളെ ഉദ്ധരിച്ചിരിക്കുന്നു.

1. പ്രാണാൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ എന്നീ പഞ്ചപ്രാണന്മാർ, ജ്ഞാനേന്ദ്രിയം, കർമ്മേന്ദ്രിയം, ബുദ്ധി.

2. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ പഞ്ചതന്മാത്രകൾ, മനസ്സ്, ബുദ്ധി, അഹങ്കാരം.



RNI Registration Number – KERMAL/2012/56910

Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash